

# മലങ്കരസഭ

## മാസിക

1989 ഏപ്രിൽ
ലക്കം 4 പുസ്തകം 44



പ. ബാവാ തിരുമനസ്സിലെ 83–ാം ജന്മദിനത്തോടനുബന്ധിച്ച് മാർ ഏലിയാ കത്തീഡ്രലിൽ ചേർന്ന അനുമോദന സമ്മേളനം ഗാന്ധിജി യൂണിവേഴ്സിററി വൈസ് ചാൻസലർ യു. ആർ. അനന്തമൂർത്തി ഉത്ഘാടനം ചെയ്യുന്നു. സമ്മേളനാദ്ധ്യക്ഷൻ തിരുവല്ല രൂപതയുടെ ഗീവർഗീസ് മാർ തീമോത്തിയോസ്, തോമസ് മാർ തീമോത്തിയോസ്, മാത്യൂസ് മാർ ബർന്നബാസ് എന്നീ തിരുമേനിമാരേയും കാണാം.



**EBENEZER ORTHODOX CHURCH
MANGANAM.**



പെസഹാവ്യാഴാഴ്ച, പ. കാതോലിക്കാ ബാവാ തിരുമേനി ഉമയാററുകര സെ. തോമസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് കാലുകഴുകൽ ശുശ്രൂഷ നിർവ്വഹിക്കുന്നു.



**കൂദാശ ചെയ്തു.**

എട്ടു ലക്ഷം രൂപാ ചെലവാക്കി പണികഴിപ്പിച്ച മാങ്ങാനം എബനേസർ ഓർത്തഡോക്സ് പള്ളിയുടെ കൂദാശ പ. കാതോലിക്കാ ബാവാ അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമനസ്സിലെ സഹകരണത്തിൽ നടത്തി.




# മലങ്കരസഭ

10-5-1989

**എഡിറ്റോറിയൽ**

## നീതിക്കും സമാധാനത്തിനും വേണ്ടി മത, പ്രത്യയ ശാസ്ത്രങ്ങളുടെ കൂട്ടായ പ്രതികരണത്തിൻെറ ആവശ്യകത

മതങ്ങളും പ്രത്യയശാസ്ത്രങ്ങളും ആഗ്രഹിക്കുന്നത് മനുഷ്യനന്മയാണ്. മനുഷ്യനന്മ, പ്രപഞ്ചത്തിൻെറയും ഇതരജീവജാലങ്ങളുടെയും നന്മയുമായി അഭേദ്യമായ വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. പ്രാപഞ്ചികനന്മ വെളിപ്പെടുന്നത് നീതിയിലും സമാധാനത്തിലും ആണു താനും. അപ്പോൾ നീതിക്കും സമാധാനത്തിനും വേണ്ടി മതങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും ഒന്നുചേർന്നു പ്രതികരിക്കുവാനും സാധിക്കണം. പക്ഷേ യാഥാർത്ഥ്യം എത്രയോ വിദൂരത്തിലാണ്!

വ്യക്തികളുടെയും, ചില പ്രത്യേക സാമൂഹ്യബന്ധങ്ങളുടെയും സങ്കുചിത താല്പര്യങ്ങൾക്കായി മതങ്ങളും പ്രത്യയശാസ്ത്രങ്ങളും നിലകൊള്ളുമ്പോൾ നീതിക്കും സമാധാനത്തിനും, പ്രാപഞ്ചിക നന്മയ്ക്കും, തദനുസൃതമായ തെററായ നിർവചനങ്ങൾ ഉണ്ടാകുന്നു. തന്നിമിത്തം വർഗ്ഗീയതയും, വിഭാഗീയതയും പുകയുന്നു, കത്തുന്നു, ആളിക്കത്തുന്നു; പഞ്ചാബിൽ മാത്രമല്ല, കാശ്മീർ മുതൽ കേരളം വരെയും, ന്യൂയോർക്കിലും പോളണ്ടിലും, ഉക്രയിനിലും ഒക്കെ ഇതു വാസ്തവം തന്നെ.

**ഈ ലക്കത്തിൽ**

എഡിറ്റോറിയൽ
ധ്യാനപംക്തി
സത്യസന്ധത
യാതനകളിലൂടെ പുരോഗമിക്കുന്ന മനുഷ്യജീവിതം
അമേരിക്കൻ ഭദ്രാസനത്തിൻെറ ഭാവിയും സാദ്ധ്യതകളും
സംശയങ്ങൾ ചോദിക്കുക
മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു തൊഴിൽദാന പദ്ധതി
The Crib, The Cross, The Crown
വായനക്കാർ എഴുതുന്നു
പുസ്തകാഭിപ്രായം:
സമാചാരങ്ങൾ
ബൈബിൾപഠനം

ഇത്തരുണത്തിൽ, മതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും സൗഹൃദസംഗമപ്രസ്ഥാനങ്ങളുടെ പ്രസക്തി പ്രസ്പഷ്ടമാകുന്നു. ആദർശത്തിൽ അടിയുറച്ച സ്വയവിമർശനത്തിനും അനീതിയ്ക്കെതിരെയുള്ള സമരത്തിനും, വിമോചനത്തിൻെറയും വികസനത്തിൻെറയും പ്രയത്നങ്ങളിലും കൂട്ടായ പങ്കാളിത്തം മതങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും സാദ്ധ്യമാണ്. അതു സാധ്യമാകുന്നതിന് അനുപേക്ഷണീയമായ ഏതാനും സംഗതികൾ ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.

1. പ്രാദേശികതലത്തിൽ, മതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും അനുയായികളായി നല്ല സാക്ഷ്യം ഉള്ളവരുടെ സൗഹൃദസംഗമസമിതികൾ രൂപവൽക്കരിക്കപ്പെടണം.

2. ഒരുസമൂഹത്തിലെ എല്ലാത്തരക്കാരായ ആളുകളുടെയും സമാധാനപരമായ സഹവർത്തിത്തം ഉറപ്പുവരുത്തുവാനും തെററുധാരണകൾ ഒഴിവാക്കി, ഭേദപ്പെട്ട ധാരണകൾ വളർത്തുവാനും ആയിരിക്കണം ഈ സമിതി ശ്രമിക്കേണ്ടത്.

3. വിവിധമത, പ്രത്യയ ശാസ്ത്രങ്ങളുടെ അനുയായികൾ ഇടപെടുന്നിടത്ത് സംഘർഷങ്ങളും ഉരസലുകളും ഉണ്ടാകാം. പക്ഷേ പ്രസ്തുത സമിതിക്ക് സമയോചിതമായി അവിടവിടെ ഇടപെടുവാൻ കഴിയും.

4. മത പ്രത്യയശാസ്ത്രങ്ങളുടെ ആന്തരികവും ആധികാരികവുമായ ജീവിതധാരണയിൽ പങ്കുള്ളവരെങ്കിലും, സൗഹൃദസംഗമപങ്കാളികൾക്ക്, മതപ്രത്യയശാസ്ത്രങ്ങളുടെ ഘടനാപരമായ വ്യവസ്ഥിതിയോട് പുലർത്തുവാൻ കഴിയുന്ന ഒരു നിസ്സംഗതാമനോഭാവം കാത്തുസൂക്ഷിക്കുവാൻ കഴിയണം.

5. രാഷ്ട്രീയ പാർട്ടികളോടുള്ള ബന്ധവും, ബാധ്യതയും എന്ന തലത്തിൽ നിന്നുപരിയായ ഒരു രാഷ്ട്രീയ ചിന്താശക്തി സൗഹൃദസംഗമപങ്കാളികൾക്ക് കാത്തു സൂക്ഷിക്കുവാൻ കഴിയണം

6. എല്ലാ മതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും പൊതുവായ താല്പര്യമാണ് നീതിപൂർവമായ സാമൂഹ്യജീവിതം. അതിനുവേണ്ടി, അനീതിയ്ക്കെതിരെ സമരം ചെയ്യേണ്ടതായി വരും. ഈ അനീതിയുടെ വേരുകൾ; സ്വന്തം മതത്തിൻെറയോ, പ്രത്യയശാസ്ത്രത്തിൻെറയോ ഘടകങ്ങളിലാണെങ്കിലും, അനീതിയ്ക്കെതിരെ സംഘടിക്കുവാനുള്ള പ്രവാചകത്വ ചങ്കൂററം സൗഹൃദസംഗമ പങ്കാളികൾക്കുണ്ടായിരിക്കണം.

7. ഒരു പ്രദേശത്തിൻെറ സാമ്പത്തികവും സാമൂഹ്യവുമായ വികസനപരിപാടികൾ സംയുക്തമായി ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുവുൻ സൗഹൃദസംഗമസമിതികൾക്ക് കഴിയും. ഇന്ന് സാമൂഹ്യവികസനത്തിൻെറ പല പരിപാടികളും നടക്കുന്നത് ഏതെങ്കിലും മതവിഭാഗത്തിൻെറയോ പ്രത്യയശാസ്ത്രത്തിൻെറയോ മാത്രമായ ചുമതലയിലാണ്. തന്മൂലം സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും പ്രസ്തുത സംരംഭങ്ങളിൽ തുല്യമായ അവസരവും പങ്കാളിത്തവും ഉണ്ടാകുന്നില്ല. ഈ കുറവു നികത്തുവാൻ സൗഹൃദസംഗമപ്രസ്ഥാനത്തിനേ കഴിയൂ.

ചുരുക്കിപ്പറഞ്ഞാൽ മേൽപറഞ്ഞ വിധത്തിലുള്ള സൗഹൃദസംഗമപ്രസ്ഥാനങ്ങൾ ഉണ്ടാകയും അവ പ്രായോഗികതലത്തിൽ പ്രവർത്തിക്കയും ചെയ്യേണ്ടത് ഇന്നത്തെ ഒരു അടിയന്തരാവശ്യമാണ്.

ജെ. കെ.



ധ്യാന പംക്തി

# ഇന്നത്തെ സമരരോഗത്തിന് ഒരു നല്ല മരുന്ന്

1) തീയിൽ കുളിച്ചു (മത്താ. 3: 11)
തീകൊണ്ട് ഉപ്പിടപ്പെടുന്ന ക്രിസ്ത്യാനി (മർക്കോ. 9: 49)
2) ദൈവസ്നേഹചൂട് നിലനിർത്തുന്ന ഹൃദയത്തിലെ 'ആത്മീയ തെർമോ ഫ്ളാക്സ്'
3) പാപലോകത്തിലെ വേർപാടിൻെറ ശൂന്യതയെ (Vacuum) ഉൾക്കൊള്ളുന്ന ഇരട്ട ഭിത്തികൾ (2 കൊരി. 6: 14–17)

## ബർകുറിയാ

പെന്തിക്കോസ്തിയിൽ പരിശുദ്ധാത്മാവാകുന്ന തീനാവുലഭിച്ച കർത്താവിൻെറ ശിഷ്യന്മാർ, (അപ്പോ: പ്രവർത്തി: 2:2) ഉപ്പിനാൽ രുചി വരുത്തിയതും കൃപയോടുകൂടിയതുമായ വാക്കുകൾ സംസാരിച്ചപ്പോൾ (കൊലോ: 4:6) അനേകായിരങ്ങൾക്ക്, ദൈവകോപാഗ്നിയിൽ നിന്നുള്ള വിടുതലും, ദൈവസ്നേഹാഗ്നിയിലുള്ള രുപാന്തരവും ഉണ്ടായല്ലോ? ആ അനുഭവം ഞാനും ആഗ്രഹിക്കുന്നു, ചീഞ്ഞുപോകുന്ന മീനും മാങ്ങായും ഉപ്പിലിടുമ്പോൾ, അനേകം നാൾ ചീത്തയാകാതിരുന്ന്, അനേകർക്ക് രുചികരമായ ഭക്ഷണമായിതീരുന്നതുപോലെ, എൻെറ യേശുനാഥാ! നിൻെറ ഇഷ്ടംപോലെ ചെയ്ത്, വേല തികച്ച, ശമര്യാസ്ത്രീയെപ്പോലെ, എൻെറ ജീവിതം നിൻെറയും മററുള്ളവരുടെയും ആത്മീയ ഭക്ഷണമായിത്തീരുവാൻ എന്നെയും ഉപ്പിലിട്ടു സൂക്ഷിക്കണമെ. (യോഹ. 4:34) (മർക്കോ 9:49). എങ്ങനെയാണ്, മാങ്ങായും, മീനും ഉപ്പിലിടുന്നതുപോലെ എന്നെ തീ കൊണ്ട് സ്നാനം കഴിപ്പിച്ച്, ഉപ്പിടുന്നതെന്ന് മനസിലാക്കിത്തരണമെ.

യേശുനാഥൻ: ചീത്തയാകാതെ സൂക്ഷിക്കപ്പെടാനുള്ള ആഹാരസാധനം ഉപ്പുവെള്ളത്തിൽ ഇടുകയോ, ഉപ്പുപരലുകളാൽ പൊതിയപ്പെടുകയോ ചെയ്യുന്നതുപോലെ, ദൈവസ്നേഹത്തിൻെറയും, സ്വർഗ്ഗീയ സമാധാനത്തിൻെറയും ഉപ്പുരസമുള്ള ജീവജലനദിയിൽ നീന്തിത്തുടിക്കുന്ന ആത്മനിറവുള്ള ക്രിസ്ത്യാനിയ്ക്കു, ഉപ്പിടപ്പെടുന്ന അനുഭവം ലഭിക്കുന്നു. (യെഹസ് 47: 5–11).

ബർകുറിയാ: ക്രിസ്ത്യാനി പരിശുദ്ധാത്മാവിൻെറ തീ കൊണ്ട് ഉപ്പിടപ്പെട്ടശേഷം, സ്നേഹചൂട് കുറയാതെസമാധാനം സംരക്ഷിക്കുന്നതെങ്ങനെയാണ്.? ആത്മനിറവ് കിട്ടിയവരുടെ ഉപ്പുരസം കുറയ്ക്കുന്ന സാഹചര്യങ്ങൾ ഏതെല്ലാമാണ്?

യേശുനാഥൻ:— നിൻെറ ചോദ്യങ്ങൾക്കുള്ള മറുപടി പൂർണ്ണമായി ഗ്രഹിക്കുവാനുള്ള കഴിവിപ്പോൾ നിനക്കില്ല. ആത്മനിറവിൻെറ അഭിഷേകം നിനക്കു സകലതും ഉപദേശിച്ചുതരും. (1. യോഹ: 2:20,27). പാപമായ അനീതിയും (1. യോഹ. 3:5; 5:17) അധർമ്മവും ചെയ്ത്, ലോകസ്നേഹത്താൽ ദൈവസ്നേഹം തണുത്തുപോയ, പിന്മാററക്കാരായിത്തീർന്ന, ക്രിസ്ത്യാനികൾ പഴകിയ ഭക്ഷണംപോലെ, ആയിത്തീരുന്നു; അവർ ദൈവത്താൽ കൈവിടപ്പെടുന്ന ശീതോഷ്ണവാന്മാരായ നാമധേയ ക്രിസ്ത്യാനികളാണ്. (വെളിപ്പാ. 3:16) അങ്ങനെ വളിച്ചു, പുളിച്ച്, തണുത്തവരോടുളള സംസർഗ്ഗമാണ്, അവരുടെ ഉപ്പുരസം നഷ്ടപ്പെടുത്തുന്നത്, 2. പത്രോസ് രണ്ടാം അദ്ധ്യായവും, വെളിപ്പാട് ഒന്നാം അദ്ധ്യായവും, വായിച്ച് ധ്യാനിച്ചാൽ കൂടുതൽ വിവരങ്ങൾ ഇതിനെക്കുറിച്ചു ഗ്രഹിക്കാം.

ബർക്കുറിയ:— ആ വേദഭാഗത്ത്, ശീതവാനും ഉഷ്ണവാനു മല്ലാത്തവരെ കർത്താവ് തുപ്പികളെയും (ഉമിണ്ണുകളെയും) എന്ന് എഴുതാൻ കാരണം എന്ത്?

b) സത്യസന്ധതയുള്ളതു കൊണ്ടുണ്ടാകുന്ന ഗുണങ്ങളെക്കുറിച്ചും, അതില്ലാതെവരുമ്പോഴുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ചും ആളുകളെ ബോധവാന്മാരാക്കണം.

e) സത്യസന്ധതയ്ക്ക് സമ്മാനങ്ങൾ നൽകുന്നതും സത്യസന്ധതയില്ലാത്തവരെ ശിക്ഷിക്കുന്നതും മോഷണത്തിനും വഞ്ചനയ്ക്കുമുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുന്നതും കുറെയെല്ലാം സത്യസന്ധതയെ ശക്തീകരിക്കുന്നതാണ്. ഗൾഫ് രാജ്യങ്ങളിൽ കുററങ്ങൾക്ക് കഠിനമായ ശിക്ഷ നൽകുന്നതിനാൽ താരതമ്യേന അവിടെ അക്രമങ്ങളും അഴിമതിയും കുറവാണ്.

d) ബാല്യകാലം മുതൽ സത്യസന്ധത പരിശീലിപ്പിക്കുന്നതിന് ശ്രമിക്കണം. മാതാപിതാക്കന്മാരും അദ്ധ്യാപകരും, തക്ക ഉപദേശം നൽകുകയും, ഉത്തമമാതൃകകളായി വർത്തിക്കുകയും ചെയ്യണം. എളുപ്പത്തിൽ ആദായം ലഭിക്കുന്നതിനോ, പരീക്ഷയിൽ ജയിക്കുന്നതിനോ, ശിക്ഷയിൽനിന്ന് രക്ഷപെടുന്നതിനോ, തെററായ വഴികൾ സ്വീകരിക്കാതിരിക്കുന്നതിന് വേണ്ട പ്രേരണ നൽകണം. കോപ്പിയടിച്ച് പരീക്ഷയിൽ പാസ്സാകാൻ ശ്രമിക്കുന്നവർ തങ്ങളുടെ കഴിവുകൾ മുരടിപ്പിക്കുകയാണ് ചെയ്യുന്നത്. അവർക്ക് ജീവിതവിജയം ഒരിക്കലും സാദ്ധ്യമല്ലെന്ന സത്യം മനസ്സിലാക്കണം.

## 6) സമാപനം

കേരള യൂണിവേഴ്സിററിയുടെ വൈസ് ചാൻസലറായിരുന്ന ഡോ. ജോൺ മത്തായിക്ക് കൊടുത്ത കാർ ഔദ്യോഗിക കാര്യങ്ങൾക്കുമാത്രം ഉപയോഗിച്ചിരുന്നതായും സ്വന്തം ആവശ്യങ്ങൾക്ക് സ്വന്തം കാർ തന്നെ ഉപയോഗിച്ചിരുന്നതായും പറയുന്നു. എന്നാൽ ഇന്ന് പല ഉദ്യോഗസ്ഥന്മാരും സ്വന്തം ഫോണിൽകൂടി വിളിച്ചാൽ സ്വന്തം പണം കൊടുക്കേണ്ടിവരുമെന്നുള്ളതിനാൽ, ആഫീസിലെ ഫോണിൽകൂടി സംസാരിച്ചിട്ട് ചെലവ് ആഫീസിന്റെ പേരിലാക്കുന്നു. ഈ തെററായ പ്രവണത മാററുന്നതിന് ഉത്തമമാതൃകകൾ അത്യന്താപേക്ഷിതമായിരിക്കുന്നു.

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



തോമസ് ഡേവിഡ്, കുടശ്ശനാട്.

ശോശാമ്മ തോമസ്, കററാനം.



മിസസ് & മിസ്ററർ. ററി. ജി. വർഗീസ്.

റോയി, കുമ്പഴ.

റോസമ്മ വർഗീസ്, മദ്രാസ്.



# യാതനകളിലൂടെ പുരോഗമിക്കുന്ന മനുഷ്യജീവിതം (ii)

## 6. കഷ്ടതകൾ എന്തിന് ദൈവം അനുവദിക്കുന്നു?

ദൈവം അനുവദിക്കാതെ, അറിയാതെ യാതൊന്നും കഷ്ടതകളും അനുഗ്രഹങ്ങളും ഉണ്ടാകില്ല. ദൈവം അറിഞ്ഞ് കഷ്ടപ്പാടുകൾ നൽകുന്നതെന്തിന്? കുറച്ച് പ്രാർത്ഥിച്ചുകഴിഞ്ഞാലും ചിലപ്പോൾ അവ മാറാത്തതെന്തുകൊണ്ട്? ദൈവത്തിന് കരുണയില്ലെ? ശക്തിയില്ലെ? ദുഷ്ടന്മാർ സുഖമായും പൊതുവെ നിരപരാധികളായവർ വളരെ യാതനകൾ അനുഭവിച്ചും മുന്നോട്ടു പോകുന്നത് എന്തുകൊണ്ട്? ഇതു നീതിയാണോ? ഇങ്ങനെ പല ചോദ്യങ്ങൾ നമുക്ക് ചോദിക്കാനുണ്ടാകാം. ഞാനും ഇത്തരം ചോദ്യം ചോദിച്ചിട്ടുണ്ട്. ഉത്തരം കിട്ടാൻ ശ്രമിച്ചിട്ടുണ്ട്. പലപ്പോഴായി കിട്ടിയ മറുപടി താഴെ കുറിക്കുന്നു.

---

മററാരെയും വഞ്ചിക്കാതെയും സ്വന്ത കർത്തവ്യങ്ങൾ ആത്മാർത്ഥതയോടെ നിർവഹിച്ചും, സത്യസന്ധത പാലിക്കുന്ന ഒരു ജനസമൂഹത്തെ വളർത്തിയെടുക്കുന്നതിന്, നമുക്ക് പരിശ്രമിക്കാം. താലന്തുകളുടെ ഉപമയിൽ താലന്തുകളെ വർദ്ധിപ്പിച്ചവനോട് യജമാനൻ പറഞ്ഞത് ഇവിടെ പ്രസ്താവ്യമാണ്. 'നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസാ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ അധികത്തിന് നിന്നെ വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക' (വി. മത്താ. 25:21)

'നീതികേട് വിതക്കുന്നവൻ ആപത്ത് കൊയ്യും. (സദൃ. 22;8)

''കുഴി കുഴിക്കുന്നവൻ അതിൽ വീഴും. (സദൃ. 26;26)

സത്യസന്ധതയില്ലാത്തവൻ തന്നെത്തന്നെയും മററുള്ളവരെയും നശിപ്പിക്കുന്നു. സത്യസന്ധനോ തന്നെത്തന്നെയും മററുള്ളവരെയും ഉയർത്തുന്നു.

### a) ശിക്ഷ സ്നേഹത്തിന്റെ ലക്ഷണമാണ് (Punishment is the sign of love)

കഷ്ടപ്പാടുകൾ, ദുരിതങ്ങൾ, രോഗങ്ങൾ ഇവ ദൈവകോപം അഥവാ ദൈവശിക്ഷ ആണെന്ന് നാം വിചാരിക്കുന്നു. മിന്നുന്ന കത്തി ഡോക്ടർ രോഗിയുടെമേൽ പ്രയോഗിക്കുന്നു. രോഗിക്ക് വേദന ഉണ്ടാകുമെന്ന് ഡോക്ടർക്കറിയാം. കള്ളം പറഞ്ഞ മകന് അമ്മ ചൂരൽ കഷായം നൽകുന്നു. മകൻ കരയുമ്പോൾ അമ്മയും മാറിനിന്ന് കരയുന്നു. പഠിക്കാൻ കഴിവുള്ള വിദ്യാർത്ഥി പഠിക്കാതെവരുമ്പോൾ അദ്ധ്യാപകൻ ശിക്ഷിക്കുന്നു. മററു കുട്ടികളുടെ മുൻപാകെ ആ കുട്ടിക്കുണ്ടാകുന്ന ലജ്ജയിൽ, അപമാനത്തിൽ അദ്ധ്യാപകനും സഹതാപമുണ്ട്. ഇതെല്ലാം നമ്മുടെ നിത്യ അനുഭവത്തിലുള്ളതുകൊണ്ട് രോഗി – മകൻ–വിദ്യാർത്ഥി – വേദനിക്കുമെന്നറിഞ്ഞുകൊണ്ട് – ഡോക്ടർ–അമ്മ–അദ്ധ്യാപകൻ അതു ചെയ്യുന്നു. എന്തിനുവേണ്ടി? അവനെ വേദനിപ്പിച്ച് രസിക്കാനാണോ? അല്ല! ഒരിക്കലുമല്ല! അവനെ രക്ഷിക്കാനാണ്! നല്ല സ്വഭാവത്തിൽ വളർത്താനാണ്! പഠിച്ച് മിടുക്കനാവാനാണ്! തക്കസമയത്ത് ആ ശിക്ഷ ലഭിച്ചില്ലെങ്കിൽ അവൻ നശിച്ചേക്കാം. ശിക്ഷ ലഭിച്ചാൽ അപ്പോൾ കുററം പറഞ്ഞാലും പിന്നെ നന്ദി പറയുമെന്നറിയാം. അതുകൊണ്ട് രക്ഷിക്കാൻവേണ്ടി ശിക്ഷിക്കുന്നു. അങ്ങിനെയെങ്കിൽ ശിക്ഷ സ്നേഹത്തിന്റെ ലക്ഷണമല്ലേ? പലരും അവരുടെ 'നല്ലകാലത്ത്' ദൈവത്തെ അറിയുവാൻ കൂട്ടാക്കാറില്ല. ഞായറാഴ്ച സിനിമ കാണുവാൻവേണ്ടി പള്ളിയിൽ പോകുന്നത് ഉപേക്ഷിക്കുക. ഒരുമാസം ആശുപത്രിയിൽ കിടന്ന് സ്വന്തം തെററുകളെക്കുറിച്ച് പശ്ചാത്തപിക്കാൻ ഇടയായാൽ ഇനി ദൈവത്തെ മുറുകെ പിടിക്കും എന്ന് പ്രതിജ്ഞ ചെയ്യാൻ ഇടയായാൽ അത് പല അനുഗ്രഹങ്ങൾക്കും കാരണമാകും. ആ ശിക്ഷ അവന്റെ നന്മക്കായിത്തീരുന്നു. ഇത് ദൈവസ്നേഹത്തിന്റെ ലക്ഷണമല്ലേ? അതുമൂലം നേട്ടങ്ങളുണ്ടാകുന്നത് ആർക്കാണ്? ദൈവം സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു.

## b) ശിക്ഷ നീതിയുടെ ലക്ഷണമാണ്
(Punishment is the sign of justice)

ദൈവം നീതിമാനാണ്. പാപത്തെ വെറുക്കുന്നവനാണ്—അതേ സമയം പാപിയെ സ്നേഹിക്കുന്നു—പാപത്തിന്റെ അനന്തരഫലമാണ് കഷ്ടത. പാപരഹിതൻ, പാപത്തിന്റെ കണികപോലും ഇല്ലാത്തവൻ പൂർണ്ണമായും നിരപരാധിയെന്ന് ക്രിസ്തുനാഥനെ കുറിച്ചു മാത്രമെ പറയുവാൻ സാധിക്കുകയുള്ളു. മനുഷ്യരെക്കുറിച്ച് എല്ലാ അർത്ഥത്തിലും നിരപരാധി എന്നു പറയുക സാദ്ധ്യമല്ല. ദൈവത്തോടും മനുഷ്യരോടും തന്നോടുതന്നെയുമുള്ള ബന്ധത്തിൽ യാതൊരു കുറവും തെററും ഇല്ലാത്ത മനുഷ്യജീവിതം ഈ ലോകത്തിൽ സാദ്ധ്യമാണോ? പാപം ഇല്ലാതെ ജീവിക്കുവാൻ ആഗ്രഹിച്ച് പരിശ്രമിച്ചാലും പലപ്പോഴും പാപത്തിൽ വീഴുവാൻ ഇടയുണ്ട്. ഒരു തെററ്—അത് തെററാണെന്ന് ഞാൻ അറിയാത്തതുകൊണ്ട് അംഗീകരിക്കാത്തതുകൊണ്ട് തെററ് അല്ലാതാകുന്നില്ല. ചിലരുടെ ദൃഷ്ടിയിൽ തെററായ കാര്യം ചിലർക്ക് ശരിയെന്നു തോന്നിയെന്നും വരാം. നന്മതിന്മയുടെ ശരിയായ മാനദണ്ഡം വാസ്തവത്തിൽ മനുഷ്യന് പൂർണ്ണമായി അറിവില്ല. പെട്ടെന്നു കോപിച്ച് ചില സ്ഥാനങ്ങളിലടിച്ചാൽ ഒരു വ്യക്തി ചിലപ്പോൾ മരിച്ചെന്നു വരാം. കരുതിക്കൂട്ടിയുള്ള കൊലപാതകവും അതും തമ്മിൽ വളരെ വ്യത്യാസമുണ്ടല്ലോ. എത്രയും നിരപരാധി എന്നു പറയുന്ന വ്യക്തിയിലും ചില തെററുകളും കുററങ്ങളും രഹസ്യമായിട്ടെങ്കിലും ഉണ്ടാകാം. മററുള്ളവർ അറിയുന്നില്ലെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ അത് മറഞ്ഞിരിക്കുന്നില്ല. ആ രീതിയിൽ നോക്കുമ്പോൾ തെററില്ലാത്തവർ ആരുമില്ല. പാപത്തെ ശിക്ഷിക്കുന്നത് നീതി മാത്രമാണ്.

ഒരു വ്യക്തിയുടെ യഥാർത്ഥ പാപം എത്രയുണ്ട് എന്നും ഒരു വ്യക്തി യഥാർത്ഥത്തിൽ എത്ര യാതന അനുഭവിക്കുന്നു എന്നും യഥാർത്ഥത്തിൽ ദൈവത്തിനു മാത്രമെ അറിയാൻ സാധിക്കുകയുള്ളു. ആ വ്യക്തിക്കോ മററുള്ളവർക്കോ അത് വിധിക്കുക സാദ്ധ്യമല്ല. പാപത്തിന്റെ ആനുപാതികമായ ശിക്ഷയാണെങ്കിൽ അത് ദൈവത്തിന്റെ നീതി മാത്രമാണ്. അതിനെ സ്വീകരിക്കാതെ നിവൃത്തിയില്ല.

അപ്പോൾ സ്വാഭാവികമായും വേറെ ചില ചോദ്യങ്ങളുയരാം. ചില മനുഷ്യർ വളരെ ദുഷ്ടന്മാരാണ്. അതേസമയം വളരെ സുഖത്തോടെ ജീവിക്കുന്നു. അത് നീതിയാണോ? ദുഷ്ടതയെക്കുറിച്ച് പറഞ്ഞതുപോലെ തന്നെയാണ് കഷ്ടതയെക്കുറിച്ചും പറയുവാനുള്ളത്. ചിലരെ സംബന്ധിച്ച് കഷ്ടത, യാതന എന്നു പറയുമ്പോൾ വിവക്ഷിക്കുന്നത് വേറെ ചിലരെ കുറിച്ച് അങ്ങിനെയല്ല. അതുപോലെ കഷ്ടതകളെ സന്താപത്തോടെ സ്വീകരിക്കുന്നവരുണ്ട്.

ഉദാ: 5 മൈൽ ദൂരം പോകണം. ബസില്ല. കാൽനട മാത്രം ആശ്രയം. ചില വ്യക്തികൾക്ക് അത് വലിയ പ്രയാസമാണ്. വേറെ ചിലർക്ക് അത്ര കഷ്ടത അതിൽ കാണാൻ സാധിക്കുകയില്ല. ചിലർ ബസ് വരാത്തതിൽ, ഇല്ലാത്തതിൽ ശപിച്ചുകൊണ്ട് സന്താപത്തോടെ നടക്കും. വേറെ ചിലർ അല്പം വ്യായാമം ലഭിച്ചതിലും ആ പൈസ ലാഭിച്ചതിലും അല്പം സന്തോഷത്തോടെ നടക്കും. ഇവിടെ സംഭവിക്കുന്നത് ഒരേ കാര്യമാണ്—5 മൈൽ നടക്കുക—പക്ഷേ നടക്കുന്നവർ പലവിധത്തിലാണ് അത് എടുക്കുന്നത്. പല യാതനകളും ഇതുപോലെയാണ്. നാം ഒരു വ്യക്തിയെ ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം എത്ര നിരപരാധിയാണ് എന്നിട്ട് അദ്ദേഹം എത്രമാത്രം യാതനകൾ അനുഭവിക്കുന്നു എന്ന് പറയുന്നു. യഥാർത്ഥത്തിൽ എത്ര നിരപരാധിത്വം അദ്ദേഹത്തിനുണ്ട് എന്നും യഥാർത്ഥത്തിൽ എത്ര കഷ്ടപ്പാട് അദ്ദേഹം അനുഭവിക്കുന്നുണ്ട് എന്നും യഥാർത്ഥത്തിൽ നാം അറിയുന്നില്ല. ആ വ്യക്തിക്കുമറിയില്ല. ദൈവം മാത്രം അറിയുന്നു. നാം വേറെ ഒരു വ്യക്തിയെ ചൂണ്ടിക്കാണിച്ച് എത്ര ദുഷ്ടൻ എന്നിട്ടും എത്ര സുഖത്തോടെ ജീവിക്കുന്നു എന്നു പറയുന്നു. അദ്ദേഹത്തിന്റെ ദുഷ്ടതയും സുഖവും യഥാർത്ഥത്തിൽ എത്രയുണ്ടെന്ന് നമുക്ക് പൂർണ്ണമായും അറിയില്ല. ആ വ്യക്തിക്കുമറിയില്ല. ദൈവം മാത്രമറിയുന്നു. ക്രിസ്തുനാഥൻ പറയുന്നു 'നിങ്ങൾ കാഴ്ചപ്രകാരം വിധിക്കരുത്, നീതിയുള്ള വിധികൾ കല്പിക്കുക'. അത് പൂർണ്ണമായും ക്രിസ്തുനാഥനു മാത്രമെ സാധിക്കുകയുള്ളു.

ഫാ. പത്രോസ് ഐ. സി.

നിരപരാധികളുടെ കഷ്ടത (Innocent suffering) എന്നു പറയുന്നതിന് എത്രമാത്രം പ്രസക്തിയുണ്ടെന്ന് എനിക്കറിയില്ല. കർത്താവ് പറയുന്നു 'അറിവോടുകൂടി ഒരു തെററു ചെയ്യുന്നവൻ അറിവില്ലാതെ അതേ തെററു ചെയ്യുന്നവനേക്കാൾ ശിക്ഷ അർഹിക്കുന്നു.' അപ്പോൾ ഒരു തെററിന് ഒരേ അളവിലല്ല ശിക്ഷ. അതും ഈ കാര്യത്തിൽ പരിഗണിക്കേണ്ടതാണ്. അറിവോടുകൂടി ഒരു ചെറിയ തെററ് ചെയ്യുന്നവന് അറിവില്ലാതെ ഒരു വലിയ തെററ് ചെയ്യുന്നവനേക്കാൾ ശിക്ഷ ലഭിച്ചെന്നുവരാം. യാദൃശ്ചികമായി ഒരു വലിയ തെററു ചെയ്യുന്നവനേക്കാൾ കരുതിക്കൂട്ടി ഒരു ചെറിയ തെററ് കൂടുതൽ ശിക്ഷ അർഹമായെന്നുവരാം. പാപമെന്ന് പറയുമ്പോൾ വ്യഭിചാരം, മോഷണം, കൊലപാതകം ഇവയാണ് മുന്നിൽ ഓടിയെത്തുക. അവ പാപം തന്നെ. ഇതൊന്നും ചെയ്യുന്നില്ലെങ്കിലും മററുള്ളവരുടെ വേദനയിൽ കനിവില്ലാത്ത സ്വാർത്ഥത മാത്രം കൈമുതലായുള്ള ഒരാളുടെ പാപം മറേറതിനെക്കാൾ ഗൗരവമുള്ളതല്ലോ.

അതുപോലെ കഷ്ടതയെന്നു പറയുമ്പോൾ രോഗം, പട്ടിണി, അംഗവൈകല്യങ്ങൾ ഇവയാണ് മുമ്പിൽ ഓടിയെത്തുക. അവ കഷ്ടതകൾ തന്നെ. ഇതൊന്നുമില്ലെങ്കിലും ഒരു ദിവസംപോലും സമാധാനമായി ഉറങ്ങാൻ സാധിക്കാത്ത വ്യക്തിയുടെ അവസ്ഥയല്ലേ മേൽപറഞ്ഞ കഷ്ടതയേക്കാൾ ഗൗരവമുള്ളത്. എല്ലാ മനുഷ്യർക്കും പാപമുണ്ട്. എല്ലാവർക്കും യാതനകളുണ്ട്. ഇതിന് രണ്ടിനും അളവിൽ മാത്രമേ വ്യത്യാസമുള്ളു.

പാപത്തിനു തുല്യമല്ലാത്ത യാതന ഉണ്ടാകുമ്പോഴാണ് 'നിരപരാധികളുടെ കഷ്ടത' എന്നു പറയാവുന്നത്. അതിനുള്ള രണ്ടാമത്തെ മറുപടി ജീവിതം ഇവിടെ അവസാനിക്കുന്നില്ല. മരണശേഷവും അത് തുടരുന്നു. മരണംവരെയുള്ള അനുഭവങ്ങൾ കണ്ടശേഷം മനുഷ്യൻ വിധി പ്രഖ്യാപിക്കുന്നു. മരണശേഷമുള്ള അനുഭവമെന്തെന്ന് യാതന അനുഭവിക്കുന്നവനോ അതു കാണുന്നവനോ അറിവില്ല. അതും അറിയുന്നത് ദൈവം മാത്രം. ഇതെല്ലാമൊത്തു നോക്കുമ്പോൾ ദൈവത്തിന്റെ നീതിയെ സംശയിക്കേണ്ടതില്ല.

ധനവാന്റെ പടിക്കൽ കിടന്ന ലാസർ അബ്രഹാമിന്റെ മടിയിൽ പോയത് ഇവിടെ സ്മരണീയമാണ്.



# അമേരിക്കൻ ഭദ്രാസനത്തിന്റെ ഭാവിയും സാദ്ധ്യതകളും

ഡോ. തോമസ് ജോൺ കല്ലൂപ്പാറ, യു. എസ്. ഏ.
(മെമ്പർ അമേരിക്കൻ ഡയോസിഷൻ കൗൺസിൽ)

നാട്ടിൽനിന്നും അടിച്ചിറക്കുന്ന പല പ്രസിദ്ധീകരണങ്ങളിലും, അമേരിക്കൻ ഭദ്രാസനത്തിലെ കുഴപ്പങ്ങളും, കുററങ്ങളും, കുറവുകളുമല്ലാതെ, അതിലെ നേട്ടങ്ങളെക്കുറിച്ചോ, പുരോഗമനചിന്താഗതികളെക്കുറിച്ചോ, സഭയോടും ഭദ്രാസനത്തോടും അതിരററ സ്നേഹവും കൂറുമുള്ള ജനങ്ങളെക്കുറിച്ചോ ആരും എഴുതാറില്ല. സഭാതലവന്മാരും മററു ജനങ്ങളും നേരിട്ടറിഞ്ഞിട്ടില്ലാത്ത ചില വാസ്തവങ്ങളും. അതുമൂലം നമ്മുടെ സഭയ്ക്കു പാശ്ചാത്യരാജ്യത്തുണ്ടായിട്ടുള്ള ചില പരിഗണനകളേയും കുറിച്ചു മാത്രമാണ് ഈ ലേഖനത്തിലൂടെ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നത്.

## 1. ഇടവകകളും അതിലെ പ്രവർത്തനങ്ങളും

സുറിയാനി സഭയുടെ മക്കൾ അമേരിക്കയിൽ വന്നത് ആദ്യകാലത്ത് (1950–65) ഉപരിപഠനത്തിനായിരുന്നു. ഉപരിപഠനം നടത്തിയ പലരും തിരികെ മടങ്ങുന്നതിനു പകരം, നല്ല ജോലിക്കുള്ള അവസരങ്ങൾകണ്ട് ഇവിടെ തുടർന്നു താമസിക്കുവാൻ തുടങ്ങി. അവരുടെ ജോലിയും താമസവും ഉറച്ചതോടുകൂടി പഠനകാലത്ത് ഭാഗികമായെങ്കിലും ശ്രദ്ധചെലുത്തിയിരുന്ന വിശ്വാസാചാരങ്ങളിൽ, പ്രത്യേകിച്ച് സഭയുടെ കെട്ടുപാടുകൾ മറുനാട്ടിൽ ഉറപ്പിച്ചുകാണുന്നതിൽ അവർ കൂടുതൽ താല്പരരായിത്തീർന്നു. തന്മൂലം അവരവരായിരുന്ന സ്ഥലങ്ങളിൽ,

നാലും അഞ്ചും പേർ മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും വല്ലപ്പോഴുമെങ്കിലും ഒരു ആരാധന സംഘടിപ്പിക്കാൻ അവർ ശ്രമിച്ചു. അവയ്ക്കു നേതൃത്വം കൊടുക്കുവാൻ പലപ്പോഴും അനേകായിരം മൈലുകൾക്കപ്പുറത്തുനിന്നും ഒരു പട്ടക്കാരനെ കൊണ്ടുവരാൻ അവർക്കു മടിയില്ലായിരുന്നു. അതിനു സൗകര്യമില്ലാതിരുന്നവർ അനേകായിരം മൈൽ യാത്രചെയ്ത് നമ്മുടെ ആരാധനക്രമമായിട്ടു നടത്തിയിരുന്ന ന്യൂയോർക്കിലെ യൂണിയൻ സെമിനാരിയിൽ പോയി സംബന്ധിക്കുമായിരുന്നു.

എന്നാൽ 1960–1970 വരെയുള്ള പത്തു വർഷം അമേരിക്കൻ ഗവർമ്മെൻറ് നാട്ടിൽനിന്നും ധാരാളം നേഴ്സുകളെയും അവരുടെ കുടുംബങ്ങളെയും ഇവിടെ കുടിയേറാൻ അനുവദിച്ചു. കേരളീയരായ പലകുടുംബങ്ങൾക്കും അക്കൂട്ടത്തിൽ അമേരിക്കയിൽ വന്നെത്തുവാൻ സാധിച്ചു. വന്നവരിൽ പലരും, ഭാഗ്യമെന്നു പറയട്ടെ, സുറിയാനി സഭയുടെ അരുമ സന്താനങ്ങളും, ചിലർ 'രാജകീയ പുരോഹിത വർഗ്ഗത്തിൽ' പെട്ടവരുമായിരുന്നു. അവരുടെ വരവ്, മാതൃഭാഷയിൽ വി. കുർബാന കാണുവാൻ കൊതിച്ചിരുന്ന നമ്മുടെ ആളുകൾക്ക് വളരെയധികം സന്തോഷവും ആശ്വാസവും നൽകി. മിക്കവാറും എല്ലാ പ്രധാന പട്ടണങ്ങളിലും മലങ്കര സഭയുടെ ഭക്തിനിർഭരമായ ദിവ്യബലി അർപ്പിച്ചുതുടങ്ങി. അങ്ങനെ ഒന്നു നാലും, നാലു നാല്പതു മായി ഇടവകകൾ സ്ഥാപിയ്ക്കപ്പെട്ടു. ഇടവകകളെ ഭരിയ്ക്കുവാൻ പഠിപ്പും, പാണ്ഡിത്യവുമുള്ള ഒരു മെത്രാപ്പോലീത്തായെ പത്തുവർഷങ്ങൾക്കുമുൻപ് പരിശുദ്ധ സുന്നഹദോസ് അനുവദിച്ച് വേണ്ടവിധം അഭിഷേകം ചെയ്യുകയും ചെയ്തു. അതോടൊപ്പം അമേരിക്കൻ ഭദ്രാസനം രൂപം കൊണ്ടു.

ഇന്ന് നാല്പതിൽ പരം ഇടവകകൾ ഉള്ളതിലെല്ലാം, നാട്ടിലെ പോലെ, ഞായറാഴ്ച നമസ്ക്കാരം, വിശുദ്ധ കുർബാന, സൺഡേസ്കൂൾ, മർത്തമറിയം സമാജം, പലവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടക്കുന്നു എന്നു പറയുന്നതിൽ വളരെ അഭിമാനമുണ്ട്. മിക്കവാറും എല്ലാ പള്ളികളിലും, യുവജനങ്ങൾക്കുവേണ്ടിയുള്ള 'കൗൺസിലിംഗ്', കായികമത്സരങ്ങൾ, ക്ലാസുകൾ, വിനോദമത്സരങ്ങൾ, കലാപരിപാടികൾ, തുടങ്ങിയവയും നടത്തിവരുന്നു. അപൂർവം ചില പള്ളികളിൽ മലയാളഭാഷ, ഭരതനാട്യം, തുടങ്ങിയവ പഠിപ്പിക്കുകയും, മെഡിക്കൽ ക്ലിനിക്കു നടത്തി ഇടവകയിലുള്ളവർക്കും മററുള്ളവർക്കും വൈദ്യസഹായം കൊടുക്കുകയും ചെയ്യുന്നുണ്ട്. പല ഇടവകകൾക്കും വിദ്യാഭ്യാസ സഹായനിധിയുണ്ട്. അതിൽ കൂടി നാട്ടിൽ, പല സമർത്ഥരായ പാവപ്പെട്ട കുട്ടികൾക്കും പഠിയ്ക്കാൻ സ്കോളർഷിപ്പ് നൽകിവരുന്നു.

## 2. മിഷൻ പ്രവർത്തനങ്ങൾ

സുവിശേഷവേല, വേർപാടുകാർക്കും, ബ്രദർ, പെന്തിക്കോസ്തു വിഭാഗങ്ങൾക്കും മാത്രമായിട്ടുള്ള ഒരു ചുമതലയായി പല ആളുകളും സങ്കല്പിയ്ക്കാറുണ്ട്. ഒരു പക്ഷേ പൗരസ്ത്യ നാട്ടിൽ നിന്നും പാശ്ചാത്യരാജ്യത്തിലാദ്യമായി സുവിശേഷം പ്രസംഗിച്ചത് പരിശുദ്ധ പരുമലത്തിരുമേനി ആയിരുന്നു എന്ന പരമാർത്ഥം അവർക്കറിഞ്ഞുകൂടാത്തതു കൊണ്ടായിരിയ്ക്കാം അങ്ങനെ ചിന്തിക്കുവാൻ കാരണം.

**രോഗശാന്തിക്ക്**



ഷേർലി, ജേയൻ, റോബിൻ, മൈലപ്ര.

അമേരിക്കൻ ഭദ്രാസനത്തിൻെറ ആവിഷ്കരണത്തിനുശേഷം ഇടവകകളും സ്വന്തമായി അനേകം പള്ളികളും ഉണ്ടായി എന്നു മാത്രമല്ല, രണ്ടു മിഷൻ സെൻേറർസും, അതിൽ പ്രവർത്തിക്കുവാനായി ഈ നാട്ടുകാരായ ഏതാനും ആളുകളെയും നേടുവാൻ സാധിച്ചു എന്നുള്ളത് എടുത്തുപറയേണ്ട ഒരു കാര്യമത്രേ. സെൻറ് ഗ്രീഗോറിയോസ് മിഷൻ എന്ന പേരിൽ, അമേരിക്കയുടെ വടക്കു പടിഞ്ഞാറേകോണിൽ കിടക്കുന്ന വാഷിംഗ്ടൺ സ്റേററിലേ 'സ്പൊക്കെയിൻ' എന്ന സ്ഥലത്തുള്ളതാണ് പ്രധാനപ്പെട്ട കേന്ദ്രം. കൂടാതെ 'മോർമ്മൻ' എന്ന മതക്കാരുടെ ആസ്ഥാനമായ 'യൂട്ടാ' എന്ന സ്റേററിലും ഒരു സെൻറർ തുടങ്ങിയിട്ടുണ്ട്. മലങ്കര സഭയുടെ വിശ്വാസാചാരങ്ങളെപ്പററി പഠിയ്ക്കുക, പഠിപ്പിയ്ക്കുക, പുസ്തകങ്ങൾ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്യുക, ഈ നാട്ടുകാരെ നമ്മുടെ ശുശ്രൂഷകളിൽ സംബന്ധിപ്പിച്ച് ഓർത്തഡോക്സ് ആചാരമുള്ളവരാക്കിത്തീർക്കുക, ഈ നാട്ടിൽ നിന്നും നമ്മുടെ സഭയ്ക്കു നേതാക്കളെ ഉയർത്തുക, വളർന്നുവരുന്ന നമ്മുടെ ഇളം തലമുറയ്ക്ക് മനസ്സിലാക്കുവാൻ തക്കവിധം പുസ്തകങ്ങളും, ആരാധനക്രമങ്ങളും സൃഷ്ടിക്കുക, തുടങ്ങിയ പ്രവർത്തനങ്ങളാണ് മിഷൻ സെൻറേർസ് ആരംഭിച്ചിരിക്കുന്നത്. സെൻറർ ഡയറക്ടറായി നിയമിച്ചിരിക്കുന്ന ഫാ. മൈക്കിൾ ഹാചുർ (Michacl–Hatcher) എന്ന പുരോഹിതൻ നമ്മുടെ സഭയെയും, അളുകളേയും വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയും, അഭിവന്ദ്യ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ കീഴിൽ ഭക്തിയാദരവോടുകൂടി പ്രവർത്തിക്കുവാൻ സന്നദ്ധത ഉള്ള ഒരു വ്യക്തിയുമാണ്. വാസ്തവത്തിൽ, നമ്മുടെ യുവജനങ്ങളിൽ ബഹുഭൂരിപക്ഷവും നമ്മുടെ മലയാളി അച്ചന്മാരോടു തുറന്നു പറയാൻ മടിക്കുന്ന ജീവിത പ്രശ്നങ്ങൾ, കൗമാരപ്രശ്നങ്ങൾ, സാമുദായികസ്വസ്ഥതകൾ, ഫാദർ ഹാചുറിനോടു തുറന്നു പറയുവാൻ മടിക്കുന്നില്ല എന്നുപറയുമ്പോൾ അദ്ദേഹത്തെ എത്രമാത്രം യുവതലമുറ വിശ്വസിച്ചാരാധിക്കുന്നു എന്നു മനസ്സിലാക്കാമല്ലോ. ആണ്ടുതോറും നടത്തുന്ന യുവജന സമ്മേളനത്തിൻെറ അവസാന ദിവസം വി. കുർബാനെ അനുഭവിക്കാനും, കുമ്പസാരിക്കുവാനും അദ്ദേഹത്തിൻെറ സമീപം യുവജനങ്ങൾ തടിച്ചുകൂടുന്നതു കാണുമ്പോൾ, നമ്മുടെ സഭയുടെ ഭാവി, പാശ്ചാത്യരാജ്യങ്ങളിൽ നിന്നും ഉയർന്നുവരുന്ന ഇത്തരം നേതാക്കളിൽ നിക്ഷിപ്തമായിരിക്കുന്നു എന്നു ചിന്തിച്ചുപോകുന്നതിൽ ആരെയും കുററപ്പെടുത്തുവാൻ സാധിക്കുകയില്ല.

ഇപ്പോൾ ചെറിയ തോതിൽ മാത്രം ആരംഭിച്ചിരിക്കുന്ന സെൻറ് ഗ്രീഗോറിയോസ് മിഷൻ (St. Gregorios Mission) സഭയുടെ ഭാവിക്കുവേണ്ടി അടിത്തറ കെട്ടിയിരിക്കുകയാണെന്നു ചിന്തിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. അതുനാൾക്കുനാൾ വളർന്നുവരും എന്നതിൽ എനിയ്ക്കുശേഷവും സംശയമില്ല.

## 3. ഭദ്രാസനാസ്ഥാനം

നമ്മുടെ സഭയിൽ ഒരു പുതിയ ഭദ്രാസനം രൂപികരിച്ചിട്ട് അതിൻേറതായ ഒരാസ്ഥാനം ഉണ്ടാക്കുവാൻ ഇത്രയധികം വൈകിട്ടുള്ള മററൊരു ഭദ്രാസനവും ഉണ്ടെന്നിനിയ്ക്കുതോന്നുന്നില്ല. കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിൽ ഏതാണ്ട് അഞ്ചിൽപരം ഭദ്രാസനാസ്ഥാനങ്ങൾ കേരളത്തിലും, ഇൻഡ്യയുടെ പല ഭാഗത്തും പണിയുവാനും, സാമ്പത്തികശേഷി ഇല്ലാത്തവ ശക്തിപ്പെടുത്തുവാനുമായി അതാതിൻെറ ചുമതലക്കാർ അമേരിക്കയിൽ വന്ന് ലക്ഷക്കണക്കിനു പണം നമ്മുടെ ആളുകളിൽനിന്നും പിരിച്ചുകൊണ്ടുപോയിട്ടുള്ളതായി എനിയ്ക്കു നേരിട്ടറിയാം. നമ്മുടെ ആളുകൾ അതിൽ നിർലോഭം സഹകരിച്ചിട്ടുണ്ട്. എന്നാൽ അമേരിക്കൻ ഭദ്രാസനത്തിനു അതിൻേറതായ ഒരാസ്ഥാനം ഇതു വരെ ഉണ്ടായിട്ടില്ല എന്നു ഖേദപൂർവം പറയേണ്ടിയിരിക്കുന്നു.

ഈ കുറവു പരിഹരിക്കുവാനായി 1988 ലെ പള്ളിപ്രതിപുരുഷയോഗം, നീലാങ്കൽ ചെറിയാൻ കോർ എപ്പിസ്കോപ്പായുടെ കീഴിൽ വിപുലമായ ഒരു കമ്മററിയെ രൂപീകരിച്ച് പണപ്പിരിവിനും, പ്ലാൻ ഉണ്ടാക്കുന്നതിനും, അതിൻെറ മററു നടത്തിപ്പുകൾക്കും ആരംഭം ഇട്ടുകഴിഞ്ഞു എന്നു പറയുന്നതിൽ സന്തോഷമുണ്ട്.

ഇത്രമാത്രം സാമ്പത്തികകഴിവും, സന്മനസ്സുമുള്ള അമേരിക്കൻ ഭദ്രാസനത്തിൽ ഇത്തരമൊരു സംരംഭത്തിന് ആരും സഹകരിക്കാതെ വരും എന്നുതോന്നുന്നില്ല. എല്ലാ ഭവനങ്ങളിൽനിന്നും

# ? സംശയങ്ങൾ ചോദിക്കുക

1. ഒരു ഹിന്ദു സ്ത്രീയെ ഒരു ക്രിസ്ത്യൻ യുവാവ് കെട്ടുന്നത് ശരിയാണോ? അവരെ പള്ളിയിൽനിന്ന് മുടക്കണമോ?

കെ. പി. വർഗീസ്, പെരുനാട്

ഒരു ഹിന്ദു സ്ത്രീയെ സഭയിൽ ചേർക്കാതെ ക്രിസ്ത്യൻ യുവാവ് വിവാഹം കഴിക്കുവാൻ സഭ അനുവദിക്കുന്നില്ല. വിവാഹം ഒരു കൂദാശയാണ്. അതു സഭാംഗങ്ങൾക്കു മാത്രം. അതിനാൽ സഭാനിയമം തെറ്റിച്ചു രജിസ്റ്റർ വിവാഹം ചെയ്യുന്ന സഭാംഗത്തെ മുടക്കണം. കാരണം അയാൾ സ്വയം വി. കുർബാനയിൽനിന്നു മുടക്കപ്പെട്ടവനായിരിക്കുന്നു.

2. നമ്മുടെ വി. കുർബാനയ്ക്കിടയിൽ പട്ടക്കാരൻ വി. കുർബാന പടിഞ്ഞാറോട്ട് എഴുന്നെള്ളിച്ചുകൊണ്ട് 'ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ഞങ്ങൾ ഭക്ഷിച്ചതായ നിന്റെ തിരുശരീരവും ഞങ്ങൾ പാനം ചെയ്ത് പുണ്യപ്പെടുത്തിയതായ നിന്റെ തിരുരക്തവും ഞങ്ങളുടെ ശിക്ഷാവിധിക്കും പ്രതികാരത്തിനുമായി തീരരുതേ' എന്നു ചൊല്ലാറുണ്ടല്ലോ? യഥാർത്ഥത്തിൽ റീത്തുകാരെപ്പോലെ വി. കുർബാന വിശ്വാസികൾക്കു നൽകിയശേഷം വേണ്ടേ ഇതു ചൊല്ലുവാൻ?

തമ്പി, സൗദി അറേബ്യ

വിശ്വാസികൾക്കു കൊടുക്കുവാൻ കൂടിയാണ് വി. കുർബാന പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുന്നത്. ആദ്യപ്രാർത്ഥനകൾ ചൊല്ലിയശേഷം പീലാസ വിരിച്ചൊരുക്കിയ ഒരു മേശയിൽവച്ചോ, മറ്റു പട്ടക്കാരനുണ്ടെങ്കിൽ അദ്ദേഹത്തെ ഏല്പിച്ചശേഷമോ കാസായിൽ നിന്ന് വി. കുർബാന കൊടുക്കണം. പീലാസായിൽ നിന്നാണ് കൊടുക്കുന്നതെങ്കിൽ കൊടുത്തു കഴിഞ്ഞ് കൈകഴുകി തുടച്ചിട്ട് കാസാ എടുക്കണം. പിന്നീട് പ്രാർത്ഥിക്കേണ്ട പ്രാർത്ഥനയാണ് 'ഞങ്ങൾ ഭക്ഷിച്ചതായ നിന്റെ തിരുശരീരവും ഞങ്ങൾ പാനംചെയ്തതായ നിന്റെ തിരുരക്തവും' എന്ന പ്രാർത്ഥന തക്സായിൽ notation കൊടുത്തിരിക്കുന്നതും, വി. സുന്നഹദോസ് തീരുമാനിച്ചിരിക്കുന്നതും അപ്പോൾ കൊടുക്കണമെന്നാണ്. എന്നാൽ കുർബാനയുടെ അവസാനം ജനങ്ങൾക്ക് കുർബാന കൊടുക്കുന്ന ഒരു പാരമ്പര്യവും നമ്മുടെ സഭയിൽ ഉണ്ട്.

3. നമ്മുടെ പരിശുദ്ധ സഭയുടെ പേര് ഓർത്തഡോക്സ് സുറിയാനി സഭ എന്നായിരിക്കെ ബോംബെ, ഡൽഹി, കൽക്കട്ടാ മുതലായ ഇടവകകളിലെ പല പള്ളികളും 'സുറിയാനി' എന്ന പദം വിട്ടുകളഞ്ഞിട്ട് ഓർത്തഡോക്സ് എന്ന പദം മാത്രം ഉപയോഗിക്കുന്നതായി കാണുന്നു. ഉദാഹരണത്തിനായി രാജസ്ഥാനിലെ ഉദയപ്പൂരിലുള്ള പള്ളി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയെന്ന് അറിയപ്പെടുന്നു. ഇപ്രകാരമുള്ള പള്ളികൾ ഓർത്തഡോക്സ് സുറിയാനി സഭയിലെ ഒരു പ്രത്യേക ഘടകമാണോ?

എം. ഏ. പീലി, റെയ്പ്പൂർ

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

സെ. ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി എന്ന പേരിനോട് സിറിയൻ ചേർക്കണമെന്നു നിർബന്ധമില്ല. സഭയുടെ പൊതുവായ പേരിൽ ഓർത്തഡോക്സ് സിറിയൻ സഭ എന്നുണ്ടല്ലോ. ഓരോ പള്ളിക്കും സിറിയൻ എന്നുകൂടി ചേർക്കണമെന്നില്ല. അചിരേണ ഇൻഡ്യൻ ഓർത്തഡോക്സ് സഭയായിത്തീരേണ്ടതാണല്ലോ. മലങ്കര സഭയുടെ ഭരണഘടനയിലെ പേര് 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ' എന്നാണ്. പുതിയ ഭരണഘടന 'ഇൻഡ്യൻ ഓർത്തഡോക്സ് സഭ' എന്ന പേർ സ്വീകരിക്കുമോ എന്നു പ്രവചിക്കാവതല്ല. അതുവരെ ഇപ്പോഴുള്ള ഭരണഘടനയിലെ പേർ തുടരണം. എന്നാൽ ഓരോ പള്ളിയുടെയും പരിശുദ്ധനോടു ചേർത്ത് ഓർത്തഡോക്സ് പള്ളി എന്നു മതിയാകും.

4. ലേവ്യ. 27:29 – ശപതാർപ്പിത മനുഷ്യനെ വീണ്ടെടുക്കാതെ കൊന്നുകളയണം. ഇതിന്റെ അർത്ഥം എന്ത്?

പി. ഈ. സ്കറിയ, കൂടൽ



ലേവ്യ 27:28–ൽ ശപതാർപ്പിത മൃഗത്തെ കൊന്നുകളയണമെന്നല്ലാതെ മനുഷ്യരെ കൊന്നുകളയണം എന്നർത്ഥമില്ല. 27:29–ൽ 'ആരെയും' എന്നത് 'ഏതിനെയും' എന്നർത്ഥത്തിൽ മനസ്സിലാക്കണം. വേദപുസ്തകഭാഷ്യം നോക്കി ഓരോ വാക്യത്തിന്റെയും അർത്ഥം പഠിക്കുക.

5. 1 ശമുവേൽ 21:1–ൽ അഹീമേലേക്കിന്റെ അടുക്കൽ ദാവീദു ചെന്നു എന്നു കാണുന്നു. 22–ലും ഇങ്ങനെതന്നെ കാണുന്നു. എന്നാൽ പുതിയനിയമത്തിൽ മർക്കോസ് 2:26–ൽ അബ്യാഥാർ എന്നു കാണുന്നു. ഏതാണ് ശരി?

(Do)

1 ശമുവേൽ 21:1–ൽ അഹിമേലേക്ക് എന്നു പറഞ്ഞിരിക്കുന്നതാണ് ശരി. മർക്കോസ് 2:26–ൽ അബ്യാഥാർ എന്നത് വി. മർക്കോസിനു വന്ന തെറ്റാണ്. അതിനാൽ മറ്റു സുവിശേഷങ്ങളിൽ പേർവിട്ടാണ് സംഭവം വിവരിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവുപയോഗിച്ചത് മനുഷ്യരാകയാൽ തെറ്റുവരും. എന്നാൽ നിത്യ ആത്മിക സത്യങ്ങൾ തെറ്റില്ലാത്തവയാണ്. 'അക്ഷരം കൊല്ലുന്നു. ആത്മാവോ ജീവിപ്പിക്കുന്നു.' പഴയ നിയമത്തിൽ പല സ്ഥലത്തു പല പാരമ്പര്യങ്ങൾ കൂട്ടിച്ചേർത്തപ്പോൾ പരസ്പരം പൊരുത്തപ്പെടാത്ത പല കാര്യങ്ങൾ കാണാം.

6. ഇയ്യോബ് 1:6–ൽ പറഞ്ഞിരിക്കുന്ന ദൈവപുത്രന്മാർ ആര്? സാത്താൻ ദൈവസന്നിധിയിൽ ചെല്ലുമോ. സ്വർഗ്ഗത്തിലെ സംഭാഷണം ഭൂമിയിൽ എങ്ങനെ അറിഞ്ഞു?

(Do)

ഇയ്യോബ് ഒരു ചരിത്രഗ്രന്ഥമായി എടുക്കണമെന്നില്ല. എബ്രായഭാഷയിലെ ഒരു വലിയ ഷേക്സ്പീയർ എഴുതിയ ഡ്രാമായുടെ വിഷയം 'നല്ലവർ എന്തുകൊണ്ട് കഷ്ടപ്പെടുന്നു' എന്നതാണ്. 1:6–ൽ സാത്താൻ ദൈവപുത്രന്മാരുടെ സന്നിധിയിൽ ചെന്നത് എത്രയോ വലിയ പരമാർത്ഥം. പള്ളിപ്പൊതുയോഗങ്ങളിൽ സാത്താൻ കടക്കാറില്ലേ? സാത്താൻ വെറും അന്ധകാരമല്ല, വെളിച്ചത്തെ കെടുത്താൻ ശ്രമിക്കുന്ന ശക്തി കൂടിയാണ്. അതിനാൽ 'നില്ക്കുന്നു എന്നു വിചാരിക്കുന്നവർ വീഴാതിരിപ്പാൻ സൂക്ഷിക്കട്ടെ'.

7. മ്ശിഹായുടെയോ പുണ്യവാളരുടെയോ പടങ്ങൾക്ക് ധൂപംവെക്കുന്നത് ഓർത്തഡോക്സ് സഭ അനുവദിക്കുന്നതാണോ? അത് വിഗ്രഹാരാധനയാവില്ലേ?

എം. എസ്. മാത്യൂ, കോട്ടപ്പടി

---

5. സന്മാർഗ്ഗനിഷ്ഠ ഇല്ലാത്തവരും ഭദ്രാസനങ്ങളിൽ ഇടർച്ചയുണ്ടാക്കുകയും ചെയ്യുന്ന പട്ടക്കാരെ ഉടനുടൻ നീക്കം ചെയ്യുകയോ, തക്കതായ ശിക്ഷണനടപടി എടുക്കാത്ത മെത്രാപ്പോലീത്തന്മാരെ അതിനായി നിർബന്ധിക്കുകയോ ചെയ്യണം.

6. അമേരിക്കൻ ഭദ്രാസനാസ്ഥാനം പണിത്, കൂദാശ ചെയ്തു തീരുന്നതുവരെ നാട്ടിൽ നിന്നും പണപ്പിരിവിനായി ഒരുത്തരേയും സഭയുടെയോ സഭാ ഘടകങ്ങളുടെയോ പേരിൽ അമേരിക്കയിലേക്കുവരാൻ അനുവദിയ്ക്കരുത്.

7. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷികയോഗങ്ങളിൽ അമേരിക്കൻ ഭദ്രാസനത്തിലെ വിദ്യാർത്ഥികൾക്കും അതിലെ നേതാക്കൾക്കും വന്നു സംബന്ധിക്കുവാനായി അവരെ ചുമതലപ്പെട്ടവർ ക്ഷണിക്കുകയും, അത്തരം സമ്മേളനങ്ങൾ ക്രിസ്തുമസ്സിനും പുതവർഷത്തിനും ഇടയ്ക്കുള്ള ആഴ്ചയിൽ നടത്തുകയോ ചെയ്യണം. ഇത് ബാഹ്യ കേരളാ ഇടവകാംഗങ്ങൾക്കെല്ലാം പ്രയോജനപ്രദമായിരിക്കും. കഴിവുള്ള മാതാപിതാക്കൾ ജൂലൈ മൂന്നാം വാരത്തിൽ ക്രമമായി നടത്തിവരുന്ന അമേരിക്കൻ ഭദ്രാസന കോൺഫറൻസിൽ വന്നു സംബന്ധിക്കുവാൻ കാലേകൂട്ടി അവരെ അറിയിക്കുകയും ആഹ്വാനം ചെയ്യുകയും ചെയ്യണം.

മേൽപറഞ്ഞ കാര്യങ്ങൾ കൂടാതെ മറ്റു പലതും സഭാതലത്തിൽ ചെയ്യുവാൻ സാധിച്ചേക്കും. അവ എന്തുതന്നെ ആയാലും ഈ ഭദ്രാസന മെത്രാപ്പോലീത്തായുമായി ആലോചിച്ച് പ്രവർത്തനപഥത്തിൽ വരുത്തണം.

'കൊയ്ത്തുവളരെ, വേലക്കാരോ ചുരുക്കം', നമ്മുക്കിന്നുള്ളവേലക്കാർ പലരും ഉദാസീനരും, മറ്റു കാര്യങ്ങളിൽ കൂടുതൽ തല്പരരായുമാണ് കാണുന്നത്. അതിനൊരു പരിഹാരം കണ്ടുപിടിച്ചാൽ അമേരിക്കൻ ഭദ്രാസനം കൂടുതൽ ശക്തിയായി മുന്നോട്ടു നീങ്ങും എന്നുള്ളതിനു സംശയമില്ല

[The writer is a Professor and Chairman
of the Gruduate Council at the University of
the District of Columbia. He has been a
leader of the Diocesan Family Conference
ever since it started six years ago, and cur-
rently a member of rhe American Diocesan
Council.]

# മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു തൊഴിൽദാന പദ്ധതി

ജോ മാണി പറമ്പിൽ, ദുബായ്

ആദ്ധ്യാത്മികവും, വിശ്വാസപരവുമായ കാര്യങ്ങൾക്ക് അത്താണിയായിരിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭ, ഭാരതത്തിലെ പ്രത്യേകിച്ച് കേരളത്തിലെ തൊഴിൽ രഹിതരായ സഭാംഗങ്ങൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കികൊടുക്കുക, വ്യവസായ സ്ഥാപനങ്ങളിൽ മൂലധനം മുടക്കുവാൻ പ്രാപ്തിയുള്ള സഭാംഗങ്ങളെ [illegible]ച്ചു കൂട്ടിയിണക്കുക എന്നിവ മൂലം സഭയുടെ കേന്ദ്രത്തിനും, ഭദ്രാസനങ്ങൾക്കും, ഇടവകകൾക്കും, ആത്മീകസംഘടനകൾക്കും സ്ഥായിയായ വാർഷീക വരുമാനങ്ങൾ കണ്ടെത്തുന്ന ഒരു വിശാലമായ തൊഴിൽദാനപദ്ധതി ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് വായനക്കാരായ സഭാംഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ് ഇതിന്റെ ഉള്ളടക്കം.

ഭൂമിശാസ്ത്രപരമായി നോക്കിയാൽ മലങ്കര ഓർത്തഡോക്സ് സഭ ഇന്ന് ഒരു ആഗോളവ്യാപകമായ സഭയാണ്. ലോകത്തിന്റെ എല്ലാ ഭൂഗോളങ്ങളിലും നമ്മുടെ സഭാംഗങ്ങൾ അധിവസിക്കുന്നുണ്ട്. ഏതാനും വിദേശഭദ്രാസനങ്ങളും, പല വിദേശരാജ്യങ്ങളിലും സ്വന്തമായി പള്ളികളും, ചില ഭാഗങ്ങളിൽ കൂട്ടായ്മകളും നമുക്കിന്നുണ്ട് നല്ല സമ്പത്തുള്ള സഭാംഗങ്ങളും, സ്ഥായിയായ വരുമാനമുള്ള പള്ളികളും നമുക്ക് ഒട്ടും കുറവല്ല. അങ്ങനെയുള്ളവരുടെ ഇടയിൽ അറിയപ്പെടാതെ കിടക്കുന്ന അനവധി അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരും, ദൈനംദിന കാര്യങ്ങൾ നിർവഹിക്കുവാൻ സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന ഭദ്രാസനങ്ങളും നമുക്കുണ്ട്. സഭയിലെ ഈ വിവിധ ഗ്രൂപ്പുകളെ സഭാടിസ്ഥാനത്തിൽ സമ്പത്തികമായി ഏകീകരിച്ച് അല്പം ഉദ്ധരിക്കുന്നതിന് സാധിക്കുമോ എന്ന് പരിശോധിച്ചുനോക്കുന്നതിൽ തെററുണ്ടോ?

---

മശിഹായുടെ പടത്തിനു നേരേ ധൂപം വയ്ക്കുന്നതും പരിശുദ്ധന്മാരുടെ നേരെ ധൂപം വയ്ക്കുന്നതും വിഗ്രഹാരാധനയല്ല; പ്രാർത്ഥന അപേക്ഷിക്കുകയാണ്. വിഗ്രഹങ്ങളെ ഉണ്ടാക്കരുതെന്ന് കല്പിച്ച ദൈവം തന്നെയാണ് ധൂപകലശവും മററും ഉണ്ടാക്കാൻ കല്പിച്ചത് (പുറ. 25:6, 31:11, 39:38, ലേവ്യ. 16:12). സമാഗമനകൂടാരത്തിലെ ധൂപകലശത്തിന്റെ തുടർച്ചയാണ് ക്രിസ്തീയദേവാലയങ്ങളിലെ ധൂപക്കുററി. വെളിപാട് 8:3 നോക്കുക.

8. യാക്കോബായ വിഭാഗക്കാർ മാർത്തോമ്മാ ശ്ലീഹായുടെയും പ. പരുമല തിരുമേനിയുടെയും നാമങ്ങൾ 5-ാം തുബ്ദേനിൽ ചേർത്ത് ഉപയോഗിക്കുന്നതായി അറിഞ്ഞു. നമുക്കും അപ്രകാരം ചെയ്തുകൂടേ?

അനിൽ പുന്നൂസ്. അയ്മനം.

നമ്മുടെ സഭയിൽ മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ വി. കുർബാന തക്സാപേരും മലയാളത്തിൽ അച്ചടിക്കാൻ പ. സുന്നഹദോസ് തീരുമാനിച്ചിട്ടുണ്ട്. പരുമല തിരുമേനിയുടെയും തോമാശ്ലീഹായുടെയും പേരും ഓർക്കാം. വി. കുർബാനയിൽ എല്ലാ പട്ടക്കാരും ഈ പേരുകൾ ഓർക്കുന്നുണ്ട്.

9. സമുദായ ട്രസ്ററിയുടെ കാലാവധി എത്ര വർഷമാണ്?

(Do)

സമുദായ ട്രസ്ററിമാരുടെ കാലാവധി അടുത്ത ട്രസ്ററിയെ തിരഞ്ഞെടുക്കും വരെയാണ്.

10. മലങ്കര അസോസ്യേഷൻ കൂടുന്നതിന് നിശ്ചിത കാലാവധി ഉണ്ടോ?

മലങ്കര അസോസ്യേഷൻ കൂടുന്നതിന് കാലാവധി ഇല്ല. മൂന്നു വർഷം കഴിയുമ്പോൾ മാനേജിംഗ് കമ്മററിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അസോസ്യേഷൻ കൂടി പുതിയ കമ്മററിയെ തെരഞ്ഞെടുക്കേണ്ടതാണ്. ചിലപ്പോൾ ഏതാനും വർഷങ്ങൾകൂടെ കഴിഞ്ഞ് തെരഞ്ഞെടുപ്പ് നടത്തും. അതുവരെ ഭരണഘടനപ്രകാരം പഴയ കമ്മററി തുടരും.

സമുദായ ട്രസ്ററികളെയും മെത്രാപ്പോലീത്തന്മാരെയും കാതോലിക്കായേയും തെരഞ്ഞെടുക്കുന്നതിനും അസോസ്യേഷൻ കൂടണം.



വിശക്കുന്നവന് ആഹാരവും, ദാഹിക്കുന്നവന് വെള്ളവും, നഗ്നന് വസ്ത്രവും നല്കുന്നത് തനിക്കു നല്കുന്നതിന് തുല്യമായി ക്രിസ്തുപോലും പരിഗണിച്ചിട്ടില്ലേ? ഭവനരഹിതർക്ക് വീടുണ്ടാക്കികൊടുക്കുവാനുള്ള പദ്ധതികൾ നാം ആവിഷ്കരിച്ചിട്ടില്ലേ? അതുപോലെ, തൊഴിൽരഹിതർക്ക് തൊഴിലവസരം ഉണ്ടാക്കികൊടുക്കുന്നതും ജീവകാരുണ്യപ്രവർത്തനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതായ കാലം ആസന്നമായിരിക്കുകയാണ്.

തൊഴിൽ നല്കുന്നതിന് തൊഴിൽ സ്ഥാപനങ്ങൾ അനിവാര്യമാണ്. ഇന്ന് സാധാരണക്കാരായ വിദേശ മലയാളികളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നാൽ, ഇൻഡ്യയിലുള്ള വൻകിട വ്യവസായ സ്ഥാപനങ്ങളിൽ ഓഹരികൾ കരസ്ഥമാക്കുവാനുള്ള വ്യഗ്രത വളരെ അധികം കാണാം. കേന്ദ്രസർക്കാരിന്റെ എൻ. ആർ. ഐ. സൗജന്യങ്ങൾ സമ്പാദിക്കുവാൻവേണ്ടി പല വ്യവസായ സ്ഥാപനങ്ങളും അവരുടെ മൂലധന സമാഹാരങ്ങളിൽ വിദേശ മലയാളികളെ സമീപിച്ച് കോടികണക്കിന് ഷെയറുകൾ വിററഴിക്കുകയാണ് ചെയ്യുന്നത്. തന്മൂലം കൂടുതൽ വാർഷികാദായം പ്രഖ്യാപിച്ചിട്ടുള്ള പരക്കംപാച്ചിലുകളാണ് ഇന്ന് വിദേശത്ത് താമസിക്കുന്ന ഭാരതീയരിൽ കണ്ടുവരുന്നത്. 1987 മാർച്ച് 31-നു അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ 920 കോടി രൂപ എൻ. ആർ. ഐ. മൂലധനം ഇൻഡ്യ കരസ്ഥമാക്കിയെന്ന് കേന്ദ്രസർക്കാരിന്റെ എൻ. ആർ. ഐ. സെൽ ഉപദേഷ്ടാവ് ഡോ. ധർമ്മേന്ദ്ര ഭണ്ഡാരി ഈയിടെ ദുബായിൽവച്ച് പത്രപ്രതിനിധികളുമായുള്ള കൂടിക്കാഴ്ചയിൽ സമ്മതിക്കുകയുണ്ടായി. ഇതിൽ 60 ശതമാനം ഗൾഫ് രാജ്യങ്ങളിൽ നിന്നും മാത്രമാണ്. റിസർവ് ബാങ്കിന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് കഴിയുന്ന അനേകം കോടി മൂലധന ഡിപ്പോസിററുകൾ വേറെയുമുണ്ട്. ഈ കൂട്ടത്തിൽ നമ്മുടെ സഭാംഗങ്ങളും ഒട്ടും കുറവല്ല. പല ഉത്തര ഭാരത വ്യവസായ സ്ഥാപനങ്ങളിൽ ഓഹരി പ്രതീക്ഷിച്ച്കൊണ്ട് വിദേശനാണ്യം നല്കിയ വിദേശ മലയാളികൾ, ഷെയർ ബ്രോക്കർ കമ്പനികളുടെ ശുപാർശകളും ആശ്രയിച്ച് ഇന്ന് കഴിയുന്നുണ്ട്. ഏതെങ്കിലും വിധത്തിൽ മുടക്കുന്ന മൂലധനത്തിന്റെ ഭദ്രത വാഗ്ദാനം ചെയ്യുന്ന പല കമ്പനികളും അനേകം കോടികൾ ഇങ്ങനെ വിദേശമലയാളികളിൽ നിന്ന് സമാഹരിച്ച് കേരളത്തിനു വെളിയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുകയോ, ഉള്ളത് വിപുലീകരിക്കുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. 1983 മുതൽ 1987 വരെയുള്ള 3 സാമ്പത്തിക വർഷങ്ങളിൽ ഇങ്ങനെയുള്ള 638 എൻ. ആർ. ഐ. സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. അങ്ങനെ മറുനാടൻ മലയാളികൾ അവരുടെ ചെറുതും വലുതുമായ നിക്ഷേപങ്ങൾ കേരളത്തിന് വെളിയിലുള്ള വ്യവസായ സ്ഥാപനങ്ങളെ അമിതലാഭം ഉദ്ദേശിച്ച് ഏല്പിക്കുകയും അതെയവസരത്തിൽ അവരുടെ കേരളത്തിലുള്ള ആശ്രിതർ ആ സ്ഥാപനങ്ങളുടെ കവാടങ്ങളിൽ തൊഴിലിനുവേണ്ടി ഇരക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് ഇന്ന് കാണുന്നത്.

നമ്മുടെ സഭാംഗങ്ങൾക്ക് സഭയോട് കൂറും വിശ്വാസവും ഉള്ളതിനാൽ, വിദേശത്ത് സേവനം അനുഷ്ഠിക്കുന്ന സഭാംഗങ്ങളെയും സ്വദേശത്ത് താമസിക്കുന്ന തൊഴിൽരഹിതരെയും കൂട്ടിയിണക്കി സഭാനേതൃത്വത്തിൻ കീഴിൽ സഭാംഗങ്ങളെങ്കിലും ലാക്കാക്കി ഏതെങ്കിലും തൊഴിൽദാന പദ്ധതി രുപീകരിച്ച് നടപ്പാക്കുവാൻ സാധിച്ചാൽ വളരെ നന്നായിരിക്കും. ഇതിനുവേണ്ടി യുക്തമെന്ന് തോന്നുന്നുവെങ്കിൽ നമ്മുടെ സഭാനേതൃത്വം ഇടവകകൾ തോറുമുള്ള നമ്മുടെ യുവജനങ്ങൾ വഴിയായി തൊഴിൽ സ്ഥാപനങ്ങളിൽ മൂലധനം മുടക്കുവാൻ പ്രാപ്തിയുള്ളവരുടെയും ഒരു പാനൽ തയ്യാറാക്കുന്നതും നന്നായിരിക്കും. അങ്ങനെയുള്ള ഒരു യഥാർത്ഥ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ സഭാനേതൃത്വം മുൻപോട്ട് വന്ന് സഭയുടെ ഇന്നത്തെ ആത്മീക പ്രവർത്തനങ്ങൾക്ക് യാതൊരു കോട്ടവും തട്ടാത്ത വിധത്തിൽ സഭാകേന്ദ്രത്തിൽ ഒരു കാതോലിക്കേററ് ഇൻവെസ്ററ്മെൻറ് ട്രസ്ററ് നമ്മുടെ 20 ഭദ്രാസനങ്ങളിലും, യുവജനസമാജം, സ്ത്രീസമാജം, വിദ്യാർത്ഥി സംഘം, സൺഡേസ്കൂൾ അസോസിയേഷൻ, ബാലജനസമാജം മുതലായ ആത്മീകസംഘടനകൾക്കും 1270 ഇടവകകൾക്കുമായി 1295 പ്രാദേശിക ട്രസ്ററുകളും രൂപീകരിക്കണം. ഏതെങ്കിലും യുക്തമായ ഒരു ഏകീകരണ പദ്ധതിയെ അടിസ്ഥാനമാക്കികൊണ്ട് സഭയുടെ നാമത്തിലുള്ള ഈ വിവിധ മൂലധന ട്രസ്ററുകൾക്ക് സഭാംഗങ്ങളിൽനിന്നും അല്ലാതെയും പ്രതീക്ഷയിൽഅധികമായ മൂലധന ഫണ്ട് ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. ഈ ട്രസ്ററുകൾ മൂലധനം മുടക്കുവാൻ കഴിവുള്ള

സഭാംഗങ്ങളോട് ചേർന്ന് കമ്പനി നിയമപ്രകാരം ഏതെങ്കിലും യുക്തമായ വ്യവസായ സംരംഭങ്ങൾക്ക് അടിസ്ഥാനമിടുകയും അങ്ങനെ അതിൽ സേവനം ചെയ്യുവാൻ കഴിവതും സഭാംഗങ്ങൾക്ക് അവസരം സൃഷ്ടിച്ചുകൊടുക്കുകയും ചെയ്താൽ ഭാവിയിൽ അത് സഭയുടെ വലിയ ഒരു മുതൽക്കൂട്ടായി തീരുന്നതാണ്.

ഇങ്ങനെ സഭയുടെ ആത്മീകനേതൃത്വവും, ഉപദേശങ്ങളും സഭാംഗങ്ങളുടെ ആത്മാർത്ഥ പരിശ്രമങ്ങളും ഒന്നിച്ചുചേർന്നുള്ള ഒരു സംയുക്ത പദ്ധതിയുടെ പ്രവർത്തനം മൂലം നമ്മുടെ അനേകം സഭാംഗങ്ങൾക്ക് തൊഴിലും, മററു ചിലർക്ക് സഭയുടേതെന്ന് അവകാശപ്പെടാവുന്ന വ്യവസായ സ്ഥാപനങ്ങളിൽ മൂലധനം മുടക്കുവാൻ അവസരങ്ങളും ലഭിക്കുന്നു. മൊത്തത്തിൽ പറഞ്ഞാൽ സഭയ്ക്കും സഭയുടെ ഭദ്രാസനങ്ങൾക്കും, ഇടവകകൾക്കും, ആത്മീക സംഘടനകൾക്കും സഭാംഗങ്ങളായ ഓഹരിക്കാർക്കും വാർഷിക വരുമാനങ്ങളും, തൊഴിൽരഹിതർക്ക് തൊഴിലും കേരളത്തിന് തൊഴിൽ സ്ഥാപനങ്ങളും ലഭിക്കുന്നു. അതായത് സ്വദേശത്തും വിദേശത്തുമുള്ള നമ്മുടെ സഭാംഗങ്ങൾ തൊഴിൽരഹിതരായ സഭാംഗങ്ങളെ സഹായിക്കുന്നതിനുവേണ്ടി സംഭാവനയായും മൂലധനമായും തങ്ങളുടെ വരുമാനങ്ങളുടെ ഒരു ഭാഗം സഭയെ ഏല്പിക്കുന്നു. സഭ ഈ സംഭാവനകളെ വിഭാഗിച്ച് സഭയുടെ വിവിധ ട്രസ്ററുകളാക്കുന്നു. ഈ ട്രസ്ററുകളും മൂലധനം മുടക്കുന്ന സഭാംഗങ്ങളും ചേർന്ന് ഇൻഡ്യൻ കമ്പനി ആക്ടിൻപ്രകാരം ഒരു പബ്ളിക് ലിമിറഡ് കമ്പനി രൂപീകരിച്ച് കൂടുതൽ സഭാംഗങ്ങൾക്ക് തൊഴിൽ നല്കാനായി വിദേശ കമ്പനികളുമായി ചേർന്ന് ജോയിൻറ് സ്റോക്ക് കമ്പനികളോ, സ്വദേശത്തുള്ള സാമ്പത്തിക സ്ഥാപനങ്ങളുമായി ചേർന്ന് മററു തൊഴിൽ സ്ഥാപനങ്ങളോ കേരളത്തിൽ ആരംഭിക്കുന്നു എന്ന് ചുരുക്കം.

ഏതാണ്ട് ഇതേ രൂപത്തിലുള്ള ഒരു തൊഴിൽദാനപദ്ധതിയുടെ നക്കൽ തയ്യാറാക്കി പ. സുന്നഹദോസിൻെറയും മാനേജിംഗ് കമ്മററിയുടെയും പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ ഈ നിർദ്ദേശങ്ങൾക്ക് കൊഴുപ്പുകൂട്ടുവാൻ വേണ്ടി അനുകൂലമോ പ്രതികൂലമോ ആയ പ്രതികരണങ്ങൾ നല്കുവാൻ ആഗ്രഹിക്കുന്ന 'മലങ്കരസഭ' വായനക്കാരായ സഭാംഗങ്ങൾ അവരവരുടെ അഭിപ്രായങ്ങൾ 1989 മേയ് 31–നകം ലഭിക്കത്തവണ്ണം ജോ മണി പറമ്പിൽ, പി. ബി. നമ്പർ 16592, ദുബായ്, യു. എ. ഇ. എന്ന വിലാസത്തിൽ അയച്ചുതരുവാൻ താല്പര്യപ്പെടുന്നു.

—0—

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ആനി കെ. മേനോൻ



ഒരു വിശ്വാസി, ബോംബെ.



(6–ാം പേജിൽനിന്നും തുടർച്ച)

## ധ്യാനപംക്തി

ഇവയെല്ലാം ഒഴിവാക്കാമായിരുന്നു. വീടുകളിലും പള്ളികളിലും എല്ലാ തലങ്ങളിലും പരസ്പരം നിന്ദിക്കപ്പെട്ട് ചവിട്ടപ്പെടുന്നു എന്ന് പരാതിപ്പെടുന്നവർ അവരുടെ ശീതസമരങ്ങളും അമ്മാവിയമ്മപ്പോരും നാത്തൂൻപോരും മരുമകൾപ്പോരും സുപ്പീരിയർ പോരുമൊക്കെ ഉപ്പുരസം വർദ്ധിപ്പിക്കാനുള്ള ചുവരെഴുത്തുകളായി (മുന്നറിയിപ്പായി) കണ്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

പരിശുദ്ധാത്മാവിൻെറ തീജ്വാല ഹൃദയത്തിൽ നിറഞ്ഞ് വായ് തുറക്കുമ്പോൾ സമാധാന സുവിശേഷത്തിൻെറ അഗ്നിനാവ് സമ്മാനിക്കപ്പെടുന്നു. പെന്തിക്കോസ്തിക്കു മുൻപുള്ള പത്തു ദിവസത്തെ കാത്തിരുപ്പ് ഇതിനായി പ്രയോജ...പ്പെടുത്താം. അന്ന് വീണ്ടും ഉപ്പുരസമുള്ള സമാധാനം നിറഞ്ഞ് ലോകത്തെ രുചിപ്പിക്കുന്ന ഉപ്പായി രൂപാന്തരപ്പെടുവാൻ വിശുദ്ധസഭ കാത്തിരിക്കുന്നവർക്ക് ഒരു സുവർണ്ണാവസരം ഒരുക്കിയിരിക്കുകയാണ്. 'അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവർ രക്ഷിക്കപ്പെടും.' (മത്താ. 24;12).

അധർമ്മം പെരുകുന്ന ലോകത്തിലെ അനുദിനസംഭവങ്ങൾ കണ്ടും കേട്ടും സ്നേഹം തണുത്ത് ആത്മീയ ഉപ്പുരസം ചോർന്നുപോകുമ്പോൾ വീണ്ടും ഉപ്പുരസം ഉൾക്കൊള്ളുവാൻ എല്ലാ വർഷവും 10 ദിവസം പരിശുദ്ധാത്മാവിൻെറ തീജ്വലിപ്പിക്കുവാൻ ലഭിക്കുന്ന അവസരം തക്കത്തിൽ ഉപയോഗിക്കുക. എല്ലാ ദിവസവും അടുപ്പിൽ തീകത്തിക്കുന്നതുപോലെ അതിരാവിലെ എഴുന്നേററ് കൃപാവരങ്ങളുടെ ആത്മീയ തീ ജ്വലിപ്പിക്കണം. ആ ചൂട് നഷ്ടപ്പെടാതെ സംരക്ഷിക്കുവാൻ നിൻെറ ഹൃദയം ഒരു തെർമ്മോഫ്ളാസ്ക്കുപോലെ ആയിത്തീരണം. അധർമ്മത്തോടും അവിശ്വാസികളോടുമുള്ള വേർപാട് ആത്മീയ ഫ്ളാസ്ക്കിൻെറ വായുശൂന്യത ഉൾക്കൊള്ളുന്ന ഇരട്ട ഭിത്തികളാണ്.

### സ്വയപരിശോധന

1) ഞാൻ ഇന്ന് വീട്ടിലും നാട്ടിലും പള്ളിയിലും ചവിട്ടപ്പെടത്തക്കവണ്ണം കൊള്ളരുതാത്ത നിലയിൽ എൻെറ ഉപ്പുരസം നഷ്ടപ്പെട്ടിട്ടുണ്ടോ?

2) പരനീയങ്ങൾ ചൂടാറാതെ സംരക്ഷിക്കുന്ന ഫ്ളാസ്ക്കുപോലെ എൻെറ ഹൃദയത്തിൻെറ ഉള്ളറയിൽ നിറച്ച ദൈവസ്നേഹം സംരക്ഷിക്കുവാൻ എൻെറ 'ഹൃദയഫ്ളാസ്ക്കിൻെറ' ഇരട്ട ഭിത്തിക്കുള്ളിൽ അധർമ്മത്തോടുള്ള വേർപാടാകുന്ന ശൂന്യത (vacuum) നിലനില്ക്കുന്നുണ്ടോ?

3) അവിശ്വാസികളോട് ഇണയില്ലാപ്പിണകൂടി എൻെറ സ്നേഹം തണുത്ത് ദൈവാരാധന നിർത്തി ദൈവത്താൽ കൈവിടപ്പെട്ട് ഞാൻ ഒരു പിശാചായി മാറിയിട്ടുണ്ടോ? (2 കൊരി. 6:14-17)

4) സമൂഹത്തിലും വീട്ടിലും ഞാൻ നിന്ദിക്കപ്പെട്ട് ചവിട്ടപ്പെട്ടപ്പോൾ ഉപ്പുരസം വർദ്ധിപ്പിക്കാൻ കാത്തിരിക്കാതെ പ്രതികാര ചിന്തയിൽ ഞാൻ കോപിച്ചിട്ടുണ്ടോ?

### തീരുമാനം

1. വിശുദ്ധ മാമോദീസായിൽ ലഭിച്ച പരിശുദ്ധാത്മാവിൽ നിറയുവാൻ എല്ലാ പെന്തിക്കോസ്തിക്കു മുൻപും, എല്ലാ ദിവസവും കാത്തിരുന്ന് ശക്തിപുതുക്കൽ പ്രാപിക്കും (യെശയ്യാ 40:31).

2. കുഴഞ്ഞ പാപകുഴിയിൽ നിന്ന് കയററപ്പെട്ട് യേശുവാകുന്ന പാറയിൽ നിന്നുകൊണ്ട് സ്തുതിയാകുന്ന പാട്ട് നിരന്തരം പാടാൻ കഴിയുന്നതുവരെ എൻെറ കാത്തിരിപ്പു തുടരും. (സങ്കീ. 40:1–3).

3. എന്നും അതിരാവിലെ ഉണർന്ന് എന്നെത്തന്നെ ഒരുക്കി കാത്തിരിക്കും (സങ്കീ. 5:3; യെശയ്യാവ് 30:15–18).

4. പരിശുദ്ധാത്മാവിൻെറ ജ്വാലയിൽ ഉപ്പുചേർത്ത, ദൈവത്തിനു പ്രസാദമുള്ള, ജീവനുള്ള ബലിയായി എൻെറ ജീവിതത്തെ ഞാൻ സമർപ്പിക്കും (റോമർ 12:12, ലേവ്യ 2:13, സംഖ്യ 18:19, 2 ദിന. 13:5).

### പ്രാർത്ഥന

സ്നേഹം നിറഞ്ഞ പിതാവായ ദൈവമെ, ഏകജാതനായ പുത്രനെ ലോകത്തിനു മുഴുവനായി സമ്മാനിച്ച ആ സ്നേഹം അംഗീകരിച്ച്, ആസ്വദിച്ച് നന്ദി പറയുവാൻ എൻെറ ഉള്ളിലെ ചാരം മൂടിയ തീക്കട്ടകളെ ജ്വലിപ്പിക്കുവാൻ സഹായിക്കണമെ. ഈ പെന്തിക്കോസ്തി പെരുന്നാളിന് യഥായോഗ്യം കാത്തിരിക്കുവാനുള്ള ക്ഷമയും വിശ്വാസവും പ്രത്യാശയും എനിക്ക് വർദ്ധിപ്പിച്ചുതരണമെ. അങ്ങനെ ലഭിക്കുന്ന സ്നേഹചൂട് നഷ്ടപ്പെടുത്തുന്ന എല്ലാ അധർമ്മങ്ങളിൽനിന്നും, അശുദ്ധ കൂട്ടുകെട്ടിൽനിന്നും എന്നെ രക്ഷിച്ച് എൻെറ ഉപ്പുരസം നഷ്ടപ്പെടാതെ വർദ്ധി

# THE CRIB, THE CROSS, THE CROWN

Prof. E. J. JOHN

We have Celebrated Easter on Sunday 26th March 1989. Celebration of Easter without any reference to Christmas and Good-Friday is meaningless. Born in a Manger, died on a Cross, Jesus Christ received the Crown in heaven after His Resurrection. Christmas reminds us of the Crib. Good–Friday of the Cross and Easter of the Crown. It all happend about two thousand years ago. Jesus Christ the son of God was born as the poorest of poor, in lowly circumstances in a silent, but holy night in a manger. 'For God so loved the world that he gave his only begotten son that those who believe in him may not perish, but may have life ever lasting'. He was crucified on a cross after thirty three years. But He rose again triumphantly on the third day to be crowned with 'glorious mutiple of golden crown'.

The message of Christmas, Good Friday and Easter has to be understood not separately in an isolated way, but together as all these are associated with a great mission of God with a purpose. Christmas is Celebrated with great joy all the world over. On Good-Friday we express grief and sorrow. Easter again is passed on with great pomp and hilarity. But the real significance of all these is found to be subordinated to our outward shows.

It was in all humility that Jesus Christ the son of God the messenger of Hope, Peace and Love took birth in an obscure village in Bethlehem-to save mankind from sin. And the angels praised God, 'Glory to God in the Highest and on earth peace and good will toward men'. For thirty years he lived in an ordinary way and saw the realities of life. But his purchasings for the next three years could give a start to a continuous process aimed at transforming the whole world. His voice still continue to pitch on human ears in the same tone as it started about two thousand years ago, because there was no contradiction between His words and His actions. 'Our greatness is like a flower that droops, but the word of the Lord, will last for ever'.

The prize he got for all these was the cross. He was charged with many false accusations because He was a stumbling block for many in their worldly progress. In His attempt to give us love and happiness, He had to suffer death on the cross. 'The Saviour which is Christ the Lord', had to undergo the tortures and carry the burden of others. The innocent was blamed for many faults, He had not committed.

It was on a Friday morning that the people took Jesus to Pontinus Pilate the Governor. He could not find anything against Jesus. But the crowd insisted that Jesus should be crucified. Pontius Pilate washed his hands saying I am innocent of this righteous man's blood', see to it yourselves'. And he handed over Jesus to be crucified. Jesus was nailed to the cross between two thieves.

They gave Christ the crown of thorns on the cross of Calvary. Still He showed all patience with a spirit of sacrifice, so that 'He shall save his people from their sins', which had accumulated from the time of Adam and Eve in the garden of Eden.

He died on the cross, praying for His own persecutors, 'Father forgive them, for they know not what they do'. There was darkness all over the earth. Nature too wept in sorrow. But that was not the end. It was only the beginning of a great mission. His body was placed in a tomb and a heavy stone put at the mouth of the grave.

The third day – that is Sunday morning – Easter day, He rose to life again, showing His great victory over sin and death. Mary Magdalene and others who went to the tomb early morning on Sunday were informed by the angel that 'He is risen'. If mute creatures were witness to the birth of Christ in the manger and convicted

---

പ്പിക്കുവാൻ പ്രാർത്ഥനയും ധ്യാനവും സ്തുതിയും അതിൻ നിർത്താതിരിക്കുവാനുള്ള കൃപ തരേണമേ. എന്റെ ഉപ്പുരസം നഷ്ടപ്പെടുമ്പോഴും ആരെക്കൊണ്ടെങ്കിലും അവിടുന്ന് എന്നെ ചവിട്ടിപ്പിക്കുമ്പോഴും ചവുട്ടിയ കാലിന് വല്ല കേടും പറ്റിയോ എന്നന്വേഷിച്ച് നന്ദി പറഞ്ഞ് ഉപ്പുരസം വർദ്ധിപ്പിക്കാനുള്ള കാത്തിരിപ്പിന്റെ കൃപ എനിക്കു തരേണമേ. ഉപ്പില്ലാത്ത പാപികളെ നേടുവാൻ വി. പൗലോസിനെപ്പോലെ സുവിശേഷവയലിൽ താണിറങ്ങുമ്പോഴും ഉപ്പു കുറഞ്ഞ് കൊള്ളരുതാത്തവനാകാതിരിക്കാൻ എന്റെ ശുശ്രൂഷകൾ കഴിഞ്ഞ് ശുദ്ധീകരണം പ്രാപിക്കുവാൻ സഹായിക്കണമേ.

## ചിന്താവിഷയം

പരിശുദ്ധാത്മാവിന്റെ തീയാൽ ഇന്ന് നമ്മൾ ഉപ്പിടപ്പെട്ട് മനുഷ്യർക്കു കൊള്ളാവുന്നവരായില്ലെങ്കിൽ ലോകാവസാനത്തിൽ ദൈവകോപാഗ്നിയിൽ നിത്യമായി വെന്തെരിഞ്ഞുകൊണ്ടിരിക്കേണ്ടിവരും (മർക്കോസ് 9:48).

—•—



**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



സുജ, ചെറിയനാട്

# സഭാ വാർത്തകൾ

## ബൈബിൾ ക്ലാസ്

1989 മെയ് 14 മുതൽ 28 വരെ

മാവേലിക്കര മിഷൻ പരിശീലനകേന്ദ്രത്തിൽവച്ച് എല്ലാ വർഷവും നടത്താറുള്ള സമ്മർ ബൈബിൾ ക്ലാസുകൾ ഈ വർഷം മെയ് 14 മുതൽ 28 വരെ തീയതികളിൽ നടത്തുന്നു. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, സഭയിലെ മററു തിരുമേനിമാർ, പ്രഗൽഭരായ പുതിയ—പഴയനിയമ പണ്ഡിതന്മാർ, വേദശാസ്ത്രജ്ഞന്മാർ, സഭാചരിത്ര പണ്ഡിതർ തുടങ്ങിയവർ ക്ലാസുകൾ നയിക്കുന്നു. അസുലഭമായ ഈ അവസരം വിനിയോഗിക്കുവാൻ താല്പര്യമുള്ള യുവതീയുവാക്കൾ വന്നു സംബന്ധിക്കുവാൻ താല്പര്യപ്പെടുന്നു. ബൈബിൾ ക്ലാസ് ഫീസ് 150 രൂപാ. വികാരിമാരുടെ ശുപാർശ കത്തുമായി വരുന്ന അർഹരായവർ 100 രൂപാ നൽകിയാൽ മതി. പേരുകൾ മെയ്മാസം 10-ാം തീയതിക്കു മുമ്പായി രജിസ്ററർ ചെയ്യേണ്ടതാണ്. വിലാസം: സെ. പോൾസ് മിഷൻ സെൻറർ, മാവേലിക്കര—3. യുവതികൾക്ക് പ്രത്യേകം താമസസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## ഭദ്രാസന വാർഷികം

തുമ്പമൺ ഭദ്രാസന സൺഡേസ്കൂൾ അസോസ്സ്യേഷൻ വാർഷികം ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഫാ. മത്തിയേൽ എൻ. വറുഗീസ്, ശ്രീ. ററി. ജി. ജോർജ് എന്നിവർ പ്രസംഗിച്ചു. ഭദ്രാസന ഡയറക്ടറായി ശ്രീ. വി. കെ. പാപ്പി വിളവിനാൽ വടക്കേതിലും ഭദ്രാസന പ്രതിനിധിയായി ശ്രീ. എൻ. ഡി. ജോയി നെടിയകാലായിലും തെരഞ്ഞെടുക്കപ്പെട്ടു. വി. കെ. പാപ്പി സ്വാഗതവും ശ്രീ. ജോയി നന്ദിയും രേഖപ്പെടുത്തി. വരവു ചെലവു കണക്കും ബഡ്ജററും പാസ്സാക്കി.

## യൂണിഫാറം നൽകി

പുത്തൻകാവ് എം. ഡി. എൽ. പി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമരജതജൂബിലി പ്രമാണിച്ച് യൂണിഫാറം നൽകിയിരിക്കുന്നു. പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായാണ് യൂണിഫാറം വിതരണം ചെയ്തത്. സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള കാഷ് അവാർഡ് തോമസ് മാർ അത്താനാസ്യോസ് തിരുമേനി വിതരണം ചെയ്തു. ഇതുസംബന്ധിച്ച് ചേർന്ന മീററിംഗിൽ എ. ഇ. ഓ. പി. വി. മുരളീധരൻ അദ്ധ്യക്ഷം വഹിച്ചു. ഹെഡ്മാസ്ററർ ജി. കോശി സ്വാഗതം ആശംസിച്ചു. സെക്രട്ടറി അന്നമ്മ തോമസ് റിപ്പോർട്ട് അവതരിപ്പിച്ചു. അദ്ധ്യാപിക ജസി കുറിയാക്കോസ് കൃതജ്ഞത പറഞ്ഞു. സ്കൂളിൻെറ വജ്രജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനവും പ. ബാവാ നിർവഹിച്ചു.

## അദ്ധ്യാപക സമ്മേളനങ്ങൾ

വാഴൂർ: വാഴൂർ ഡി. സൺഡേസ്കൂൾ അദ്ധ്യാപകരുടെ ഒരു സമ്മേളനം വാഴൂർ സെ. പോൾസ് ഹൈ:സ്കൂളിൽ മാർച്ച് 5-ാം തീയതി ഞായറാഴ്ച ഭദ്രാസന ഡയറക്ടർ ശ്രീ. ററി. ചെറിയാൻ ആൻഡ്രൂസിൻെറ അദ്ധ്യക്ഷതയിൽ കൂടി. റവ. ഡോ. ജയിക്കബ് കുര്യൻ അദ്ധ്യാപകർക്കായി ഒരു ബൈബിൾ ക്ലാസ്സെടുത്തു. ഇൻസ്പെക്ടർ സി. ഇ. കുരുവിള ത്രൈവാർഷിക പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.

ഡി. അടിസ്ഥാനത്തിൽ മൽസരപരീക്ഷയിലും സഹപാഠ്യമൽസരങ്ങളിലും വിജയിച്ച കുട്ടികൾക്കുള്ള സമ്മാനങ്ങളും സ്കൂളുകൾക്കുള്ള ട്രോഫികളും ഷീൽഡുകളും വിതരണം ചെയ്യപ്പെട്ടു.

പിന്നീട് നടന്ന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ ശ്രീ. സി. ഇ. കുരുവിളയെ ഇൻസ്പെക്ടറായും ശ്രീ കെ. എ. വറുഗീസിനെ അദ്ധ്യാപക പ്രതിനിധിയായും ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. 3 വർഷം കാലാവധിയുള്ള ഈ തെരഞ്ഞെടുപ്പിൽ തുടർച്ചയായി 9-ാം പ്രാവശ്യവും ശ്രീ. സി. ഇ. കുരുവിള തെരഞ്ഞെടുക്കപ്പെട്ടു എന്നതു പ്രത്യേകം പ്രസ്താവ്യമത്രേ.

## തോട്ടയ്ക്കാട്

പുതുപ്പള്ളി ഡി. സണ്ടേസ്കൂൾ അദ്ധ്യാപകസമ്മേളനം മാർച്ച് 5-ാം തീയതി തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ കൂടി. ഭദ്രാസന ഡയറക്ടർ ശ്രീ. ചെറിയാൻ ആൻഡ്രൂസ് അദ്ധ്യക്ഷത വഹിച്ചു. പബ്ളിക്കേഷൻ ഓഫീസർ ഫാ. ററി. ജി. സഖറിയാ സമ്മേളനം ഉത്ഘാടനം ചെയ്തു. ഫാ. ഈ. കെ. ജോർജ് പ്രസംഗിച്ചു. യോഗത്തിൽവച്ച് ശ്രീ ററി. ററി. ചാക്കോയെ ഇൻസ്പെക്ടറായും തോമസ് സി. കുരുവിളയെ അദ്ധ്യാപക പ്രതിനിധിയായും തെരഞ്ഞെടുത്തു.

മൽസരപരീക്ഷയിലും സഹപാഠ്യമത്സരങ്ങളിലും ഡി. അടിസ്ഥാനത്തിൽ വിജയിച്ചവർക്കുള്ള സമ്മാനം ഫാ. ററി. ജി. സഖറിയ വിതരണം ചെയ്തു. വികാരി ഫാ. കെ. കെ. ജോർജ് സ്വാഗതവും ശ്രീ. ററി. ററി. ചാക്കോ കൃതജ്ഞതയും പറഞ്ഞു.

## വാകത്താനം കൺവൻഷൻ

വാകത്താനം: വാകത്താനത്തും പരിസരങ്ങളിലുമുള്ള 14 പള്ളികളുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 5 മുതൽ 12 വരെ കണ്ണഞ്ചിറ സെൻറ് തോമസ് നഗറിൽവച്ച് വാകത്താനം കൺവൻഷൻ നടത്തപ്പെട്ടു. പരിശുദ്ധ കാതോലിക്കാബാവാ ഉൽഘാടനം ചെയ്ത കൺവൻഷനിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത, ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, റവ. ഡോ. ജേക്കബ് കുര്യൻ, ഫാ. ററി. ജെ. ജോഷ്വ, ഫാ. ഒ. തോമസ്, പ്രൊഫ. ഡി. മാത്യൂസ്, ശ്രീ. പോൾ സിനിരാജ് മുഹമ്മദ് എന്നിവർ പ്രധാന പ്രസംഗകരായിരുന്നു. വമ്പിച്ച ജനാവലി യോഗങ്ങളിൽ സംബന്ധിക്കുകയുണ്ടായി. ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും പകൽ 10 മണി മുതൽ ഉപവാസ ധ്യാനയോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. പോൾ സിനിരാജിൻെറ നേതൃത്വത്തിൽ നടത്തപ്പെട്ട പകൽ യോഗങ്ങളിൽ ആയിരക്കണക്കിന് ആൾക്കാർ പങ്കെടുത്തു. പകൽയോഗങ്ങളിൽ റവ. ഡോ. ബേബി വർഗ്ഗീസ്, ഫാ. കെ. ജെ. ഗബ്രിയേൽ, റവ. ഡോ. എം. എ. മത്തായി, ഫാ' റജി മാത്യു, ഡീ. എം. പി. ജോർജ്ജ്, റവ സിസ്ററർ ലൂയിസ് മരിയ എന്നിവർ ക്ലാസുകൾ എടുത്തു.

സി. വി. ജോർജ്ജ് കോറെപ്പിസ്കോപ്പ പ്രസിഡൻറായും, ഫാ. എം. സി. ജോർജ്ജ് കൺവീനറായും ഉള്ള കമ്മിററിയാണ് കൺവൻഷൻ ക്രമീകരണങ്ങൾ നിർവഹിച്ചത്.




മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



താമസിച്ചതിനു ക്ഷമാപണം
ഒരു വിശ്വാസി, പത്തനാപുരം

## ആഭ്യന്തര സുവിശേഷസംഘം

കോട്ടയം:— ഗീവർഗ്ഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കോട്ടയം ഭദ്രാസന ആഭ്യന്തര സുവിശേഷ സംഘത്തിനു രൂപം കൊടുത്തു. ഫാ. കെ. എം. ഫിലിപ്പ് ആണ് ഓർഗനൈസർ. സി. എം. ജോൺ കോറെപ്പിസ്കോപ്പ, ഫാ. ഐസക് പി. ഡേവിഡ്, ഫാ. സി. സി. ജേക്കബ് ചാലാശ്ശേരിൽ, ഫാദർ ഇ. കെ. ജോർജ്ജ്, ഫാ. പി. സി. ജോൺസൻ, ഫാ. കുര്യൻ ഉതുപ്പ്, ഫാ. മാത്യു മാത്യു, ഫാ. കെ. റ്റി. സഖറിയ, ഫാ. ഫിലിപ്പ് സി. എബ്രഹാം, ഫാ. കുര്യൻ വർഗീസ്, പോൾ സിനിരാജ് മുഹമ്മദ്, അബ്രഹാം പാച്ചിറ എന്നിവരാണ് മററംഗങ്ങൾ.

## കണ്ണാറപ്പള്ളി ഓർത്തഡോക്സ് സഭയ്ക്ക്

പതിനഞ്ചു വർഷമായി തർക്കത്തിലും വ്യവഹാരത്തിലുമായിക്കഴിഞ്ഞിരുന്ന പീച്ചിയ്ക്കു സമീപമുള്ള കണ്ണാറ സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ സമാധാനം സംജാതമായി ഇവിടുത്തെ ഓർത്തഡോക്സ് വിഭാഗവും പാത്രിയർക്കിസ് കക്ഷിയും പരസ്പരം സമ്മതിച്ച് കോടതിവഴിയുണ്ടായ ഡിക്രി അനുസരിച്ചാണ് കേസ് രമ്യമായത്. അതനുസരിച്ച് ഒരുലക്ഷം രൂപയും സെമിത്തേരിയിലെ 25 സെൻറ് സ്ഥലവും സ്വീകരിച്ചുകൊണ്ടാണ് പാത്രിയർക്കീസ് പക്ഷം ഇടവകയിൽ നിന്നും പിരിഞ്ഞുപോയത്. ഓർത്തഡോക്സ് വിഭാഗം വളരെ ചെറിയ അംഗസംഖ്യമാത്രമുള്ള ഒരു ഇടവകയിൽ നിന്ന് ബഹുഭൂരിപക്ഷമുള്ള മറുഭാഗം ഓഹരിപ്പററി പിരിഞ്ഞു പോകുന്നത് ഇടംപ്രദമായ ഒരു സംഗതിയാണ്.

ഇതിനോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ സംബന്ധിക്കാൻ കണ്ണാറ ടൗണിൽ എത്തിച്ചേർന്ന കൊച്ചി ഭദ്രാസനാധിപൻ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ


### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



കെ. പി. തോമസും കുടുംബവും
വാഴക്കാല കയ്യാലപറമ്പിൽ, കാനഡാ.

ജോളി സഖറിയ

അന്നമ്മ ജോയി.



P. C. Cherian Dalli Rajhara.

പ. പിതാവേ കനിവുണ്ടാകണമേ
K. A. Mathew & Family. Anil Mathew.



യെയും ഭദ്രാസന അഡ്മിനിസ്ട്രേറ്റർ ഫാദർ ജോസഫ് വെണ്ടറപ്പിള്ളിയേയും വൈദികരും ഇടവകാംഗങ്ങളും ചേർന്ന് ഹാരാർപ്പണം ചെയ്ത് സ്വീകരിച്ച് പള്ളിയിലേക്ക് ആനയിച്ചു. തുടർന്നുചേർന്ന പൊതുസമ്മേളനത്തിൽ മെത്രാസനാധിപൻ അദ്ധ്യക്ഷം വഹിച്ചു. വികാരി ഫാ. എ. റ്റി. യോഹന്നാൻെറ സ്വാഗതത്തിനുശേഷം സെക്രട്ടറി കെ. സി. പൈലി റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. പി. വി. കുര്യാക്കോസ് ഇടവകയ്ക്കു നല്കിയ നിസ്വാർത്ഥ സേവനത്തിന് അഭിനന്ദന സൂചകമായി പാരിതോഷികം നല്കി. ഫാ. ജോസഫ് വെണ്ടറപ്പിള്ളി, ഫാ. ജോർജ്ജ് മററം, ഫാ. കെ പി. ഐസക്, ഫാ. കെ. പി. ജേക്കബ് എന്നിവർ പ്രസംഗിച്ചു.

## ഏകദിന സമ്മേളനം

കററാനം:— ബസ്ക്കിയാമ്മമാർ ആത്മീയരംഗത്ത് സജീവമായി പ്രവർത്തിക്കണമെന്ന് നിയുക്ത കാതോലിക്കായും കൊല്ലം ഭദ്രാസനാധിപനുമായ മാത്യൂസ് മാർ കൂറിലോസ് തിരുമേനി ഉൽബോധിപ്പിച്ചിരിക്കുന്നു. കൊല്ലം ഭദ്രാസനത്തിലെ ബസ്കിയാമ്മമാരുടെ ഏകദിന സമ്മേളനം കററാനം സെൻറ് സ്ററീഫൻസ് ഓർത്തഡോക്സ് പള്ളിയിൽ മാർച്ച് 6-ാം തീയതി രാവിലെ 10 മണിക്ക് ഉൽഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. സഭയുടെ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് മാതൃക കാട്ടിക്കൊടുക്കുന്നതിൽ ബസ്കിയാമ്മമാർ താല്പര്യം എടുക്കണമെന്നും മെത്രാപ്പോലീത്താ തുടർന്നു പ്രസ്താവിച്ചു. ഉൽഘാടന പ്രസംഗത്തിനുശേഷം സ്ത്രീകൾക്ക് സഭയിലുള്ള സ്ഥാനം എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. റ്റി. ജെ. ജോഷ്വാ ബൈബിൾ ക്ലാസ് എടുത്തു. ഉച്ചതിരിഞ്ഞ് നടന്ന പൊതുസമ്മേളനത്തിൽ ഫാ. കെ. പി. ഈപ്പൻ അദ്ധ്യക്ഷത വഹിച്ചു. ഫാ. വി. എം. മത്തായി, ഫാ. എ. ദാനിയേൽ, ഫാ. പി. ജോർജ്ജ്, ശ്രീമതി അന്നമ്മ ഈപ്പൻ, ശ്രീമതി കൊച്ചന്നാമ്മ മത്തായി എന്നിവർ പ്രസംഗിച്ചു. കൊല്ലം ഭദ്രാസന ബസ്ക്കിയാമ്മ അസോസ്യേഷൻ സെക്രട്ടറി ശ്രീമതി മേരി ജോർജ്ജ് സ്വാഗതവും ശ്രീമതി ഡോക്ടർ ഏലിയാമ്മ ഐസക്ക് കൃതജ്ഞതയും രേഖപ്പെടുത്തി.

## വാർഷിക കോൺഫറൻസ്

മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിൻെറ 54—ാമത് വാർഷിക കോൺഫറൻസ് കോട്ടയം ഭദ്രാസനത്തിൻെറ ആതിഥേയത്തിൽ 1989 മെയ് 4 മുതൽ 7 വരെ തീയതികളിൽ പഴയസെമിനാരിയിൽവച്ച് നടത്തപ്പെടുന്നതാണ്.

## ആശാകേന്ദ്ര വാർഷികം

ഹൈദരബാദിനു സമീപം യാച്ചാരത്തുള്ള മാർ ഗ്രീഗോറിയോസ് ബാലഗ്രാമിൻെറ രണ്ടാം വാർഷികം ആഘോഷിച്ചു. ഓർത്തഡോക്സ് സഭയിലെ ശിശുക്ഷേമ ബോർഡിൻെറ ആഭിമുഖ്യത്തിലുള്ള ഈ ബാലഗ്രാം കുഷ്ഠരോഗികളുടെ മക്കളെ (ആൺകുട്ടികൾ) പുനരധിവാസം ചെയ്യിച്ച് അടിസ്ഥാന വിദ്യാഭ്യാസവും കൈത്തൊഴിൽ പരിശീലനവും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു പ്രോജക്ടാണ്. ഇപ്പോൾ 30 കുട്ടികളുള്ള ഈ സ്ഥാപനത്തിൽ 20 കുട്ടികളെകൂടി ഉടനെ ചേർക്കും. ശിശുക്ഷേമബോർഡ് പ്രസിഡണ്ട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജനറൽ ബോഡിയോഗത്തിൽ ബാലഗ്രാം ഡയറക്ടർ ഫാ. കെ. ഐ. ഫിലിപ്പ് റിപ്പോർട്ട് അവതരിപ്പിച്ചു. മദ്രാസ് മെഡിക്കൽ മിഷൻ സെക്രട്ടറി വറുഗീസ് ഈപ്പൻ, ഫാ. ജോസഫ് വെണ്ടറപ്പിള്ളി എന്നിവരെ ബാലഗ്രാം അഡൈ്വസർമാരായി തെരഞ്ഞെടുക്കപ്പെട്ടു.

മദ്രാസ് ഭദ്രാസനാധിപൻ സഖറിയാസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ പ്രസിഡണ്ട് തിരുമേനി സദസിന് സ്വാഗതം ആശംസിച്ചു. ശിശുക്ഷേമബോർഡ് സെക്രട്ടറി കെ. സി. ഈപ്പൻ പ്രസ്ഥാനത്തിൻെറ പൊതുവായ റിപ്പോർട്ട് സമർപ്പിച്ചു. ഫിലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്കോപ്പാ, സിറിൾ റമ്പാൻ, ഫാ. ജോസഫ് വെണ്ടറപ്പിള്ളി, ഫാ. വിൻഡീസ്, കേരള ഗവർമ്മെൻറ് വ്യവസായ ഉപദേഷ്ടാവ് പോൾ പോത്തൻ, വി. വി. ജോർജ് എന്നിവർ പ്രസംഗിച്ചു. ഒരു അഭ്യുദയകാംക്ഷിയും മി. ഫ്രാൻസിസും തങ്ങളുടെ സ്വർണ്ണമാലകൾ ബാലഗ്രാമിന് സംഭാവന ചെയ്തു. ഡോക്ടർ തോമസ് മാണി കൃതജ്ഞതയും പ്രകാശിപ്പിച്ചു.

## പരിശുദ്ധ ബാവാതിരുമേനിക്ക് ജന്മദിനാശംസകൾ

മാർച്ച് 27-ാം തീയതി 83-ാം വയസ്സിലേക്ക് പ്രവേശിച്ച പ. കാതോലിക്കാ ബാവാതിരുമേനിക്ക് മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളെ

കൂടാതെ വിവിധ രാഷ്ട്രീയ സാമുദായിക സംഘടനകളും വ്യക്തികളും ജന്മദിനാശംസകൾ നേരിൽ കണ്ടും കമ്പി സന്ദേശങ്ങൾ മൂലവും അറിയിച്ചിരിക്കുന്നു. 27-ാം തീയതി രാവിലെ ദേവലോകം അരമനചാപ്പലിൽ പ. ബാവാതിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചു. വി. കുർബാന മദ്ധ്യേ പ. ബാവായ്ക്കുവേണ്ടി സ്തോത്ര പ്രാർത്ഥന അർപ്പിക്കപ്പെട്ടു.

വി. കുർബാനയ്ക്കുശേഷം ബാവാ സന്നിഹിതരായിരുന്ന എല്ലാവരേയും കൈമുത്തിക്കുകയും ജന്മദിന കേക്ക് മുറിച്ച് എല്ലാവർക്കും നൽകുകയും ചെയ്തു. കൂടിയിരുന്നവരെല്ലാം തിരുമേനിക്ക് Happy Birthday ഗാനം പാടി ആശംസകൾ അർപ്പിച്ചു. സമുദായ ട്രസ്ററി പി. സി. ഏബ്രഹാം സെക്രട്ടറി പോൾ മത്തായി എന്നിവർ ഹാരാർപ്പണം ചെയ്തു. അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ, തേയോഫോറോസ് റമ്പാൻ കോറെപ്പിസ്കോപ്പ, കെ. സി. ജോർജ്ജ് റമ്പാൻ തുടങ്ങി അനേകം വൈദികരും ചടങ്ങുകളിൽ സംബന്ധിച്ചു.

## മാർ ഏലിയാ കത്തീഡ്രലിൽ

വൈകിട്ട് അഞ്ചുമണിക്ക് കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ജന്മദിനാശംസാസമ്മേളനത്തിൽ തിരുവല്ലാ രൂപതയുടെ ബിഷപ്പ് ഗീവർഗീസ് മാർ തീമോത്തിയോസ് അദ്ധ്യക്ഷം വഹിച്ചു. സമ്മേളനം ഗാന്ധിജി യൂണിവേഴ്സിററി വൈസ് ചാൻസലർ ഡോ. യു. ആർ. അനന്തമൂർത്തി ഉദ്ഘാടനം ചെയ്തു. 83-ാം വയസ്സിലേക്കു പ്രവേശിക്കുന്ന പ. ബാവാ തിരുമേനി ഭാരതത്തിലെ വിവിധ സഭാ മേലദ്ധ്യക്ഷന്മാരിൽവച്ച് ഏററവും പ്രായംചെന്ന ദേഹമാണെങ്കിലും യുവതുല്യമായ പ്രസന്നത ആ മുഖത്തു പ്രസരിക്കുന്നുണ്ടെന്നും ദീർഘനാൾ ആയുരാരോഗ്യത്തോടെ ബാവാ തൻെറ ധന്യജീവിതം തുടരട്ടെ എന്നും ആശംസിച്ചു. തുടർന്ന് അദ്ധ്യക്ഷൻ തിരുമേനിയും യെറുശലേം മാർത്തോമ്മാപള്ളി വികാരി ഫാ. എം. സി. മാണി, സി. എസ്. ഐ. സഭയുടെ ഫാ. മാത്യു മാത്യു, മുനിസിപ്പൽ ചെയർമാൻ മാണി ഏബ്രഹാം, മോൺസിഞ്ഞോർ പീററർ ഊരാളിൽ, മുനിസിപ്പൽ കൗൺസിലർ എൻ. കെ. പൊതുവാൾ, മത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ, ഈ. ജെ. തോമസ് കോറെപ്പിസ്കോപ്പ എന്നിവരും പ. ബാവായ്ക്ക് ആശംസകൾ നേർന്നുകൊണ്ട് പ്രസംഗിച്ചു. 82 കൊച്ചുകുട്ടികൾ പ. ബാവായെ വെള്ളവസ്ത്രനിർമ്മിതമായ ഹാരങ്ങൾ അണിയിച്ചു. പ. ബാവാ തിരുമനസ്സുകൊണ്ട് മറുപടിപ്രസംഗം ചെയ്തതിൽ 82 കൊച്ചുകുട്ടികൾ ജന്മദിന മംഗളങ്ങൾ ആശംസിച്ചുകൊണ്ട് തൻെറ അടുത്തു വന്ന് അർപ്പിച്ച സമ്മാനങ്ങൾ ഏററവും വിലപ്പെട്ടതാണെന്ന് പ്രത്യേകം എടുത്തുപറഞ്ഞു. അവർ സമ്മാനിച്ച മുണ്ടുകൾ പാവപ്പെട്ടവർക്കു നൽകുന്നതിന് വികാരി അച്ചനെ ബാവാ ഏല്പിച്ചു. ആശംസകൾക്ക് തിരുമേനി സന്തോഷം രേഖപ്പെടുത്തി. കത്തീഡ്രൽ വികാരി സ്വാഗതവും, പി. സി. ചെറിയാൻ മടുക്കാനിൽ കൃതജ്ഞതയും പറഞ്ഞു. ട്രസ്ററി കെ. കെ. മത്തായി ബാവായെ ഹാരാർപ്പണം ചെയ്തു.

## സ്മരണിക പ്രകാശനം ചെയ്തു

പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ചരമ രജത ജൂബിലി സ്മാരകമായി മലങ്കരസഭ മാസികയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള മനോഹരവും ഈടുററതുമായ സ്മരണിക പ. ബസ്സേലിയോസ് മാർ തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തൻെറ 83-ാം ജന്മദിനാശംസാ സമ്മേളനത്തിൽ വച്ച് സമ്മേളനാ അദ്ധ്യക്ഷൻ തിരുവല്ലാ രൂപതാ ബിഷപ്പ് ഗീവർഗീസ് മാർ തീമോത്തിയോസ് തിരുമേനിക്ക് പ്രഥമ കോപ്പി നൽകി പ്രകാശനം ചെയ്തു.

വളരെയധികം പ്രതികൾ തപാലിൽ അയക്കേണ്ടതുള്ളതുകൊണ്ട് സ്മരണികയ്ക്ക് പണം അടച്ചവർക്കുള്ള കോപ്പി കുറേശ്ശേ ഇവിടെനിന്ന് അയക്കുന്നതാണ്. ഏപ്രിൽ മാസത്തിൽ തന്നെ എല്ലാവർക്കും സ്മരണിക ലഭിക്കും. വില്പനയ്ക്കു കുറച്ചു കോപ്പികൾ കൂടെ തയ്യാറാക്കുന്നുണ്ട്. വില 20 രൂപാ. തപാൽ ചെലവ് ഉൾപ്പെടെ 25 രൂപാ. ആവശ്യപ്പെടുക മാനേജർ, മലങ്കര സഭ കോട്ടയം. 38

## പള്ളികൂദാശ

പുതുതായി പണികഴിപ്പിച്ച കീക്കൊഴൂർ സെ. പീറ്റേഴ്സ് പള്ളിയുടെ കൂദാശ മാർച്ച് 3, 4 തീയതികളിൽ പ. ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും നിയുക്ത കാതോലിക്കാ മത്യൂസ് മാർ കൂറിലോസ്, ജോസഫ് മാർ പക്കോമിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിലും നടത്തി.



# ബൈബിൾ പഠനം

(രണ്ടാം ഭാഗം)

ഡീ. എം. സി. ചെറിയാൻ

**പാഠം 2**

**ബൈബിളിലെ പുസ്തകങ്ങൾ**

(പുതിയ നിയമം)

പ്രവേശനഫാറം

പേര് ........................................

വിലാസം ........................................

ഭദ്രാസനം ........................................

രജി: നമ്പർ ....................

1. 'മനുഷ്യരിൽ' ആരംഭിക്കുന്ന പൗലോസിൻെറ ലേഖനം.
2. ജനനപ്പെരുന്നാളിലെ തീജ്വാല ശുശ്രൂഷയിൽ വായിക്കുന്ന പൗലോസിൻെറ ലേഖനം
3. 'ആമേനിൽ' അവസാനിക്കുന്ന പൗലോസിൻെറ ലേഖനങ്ങൾ.
4. ഇടയലേഖനങ്ങൾ.
5. കാരാഗൃഹലേഖനങ്ങൾ
6. പൗലോസ് കാരാഗൃഹത്തിൽ കിടന്ന് എഴുതിയ ലേഖനങ്ങൾ.
7. പൗലോസിൻെറ ഇരട്ട ലേഖനങ്ങൾ.
8. ''എൻെറ പേരിൽ കണക്കിട്ടുകൊള്ളൂ'' വാൻ പറയുന്ന ലേഖനം.
9. 'കൂടെയുള്ളവർ എല്ലാവരും' വന്ദനം ചൊല്ലുന്ന ലേഖനം.
10. പൗലോസിൻെറ പുസ്തകങ്ങളെപ്പററി പറയുന്ന ലേഖനം.
11. അപ്പസ്തോലിക ആശീർവാദമുള്ള ലേഖനം
12. അരമനയിലുള്ളവർ വന്ദനം ചൊല്ലുന്ന ലേഖനം.
13. കഠിന ലേഖനം.
14. സന്തോഷത്തിൻെറ ലേഖനം.
15. ലുപുദിക്യാ സഭയ്ക്കെഴുതിയ ലേഖനത്തെ പരാമർശിക്കുന്ന ലേഖനം.
16. ശരീരാഭ്യാസത്തെപ്പററി പറയുന്ന ലേഖനം.
17. മോശയോട് എതിർത്ത മന്ത്രവാദികളുടെ പേരു പറയുന്ന ലേഖനം.
18. അവിടെയും ഇവിടെയും എവിടെയും ഉള്ള വിളിക്കപ്പെട്ടവർക്ക് എഴുതിയ ലേഖനം.
19. ഏററവും അധികം വന്ദനം ചൊല്ലുന്ന ലേഖനം.
20. റോമൻ കോളനിയിലുള്ളവർക്ക് എഴുതിയ ലേഖനം.

ബൈബിൾ പഠനം രണ്ടാം പാഠത്തിൻെറ ചോദ്യങ്ങൾ അയയ്ക്കുന്നു. മാസിക കിട്ടിയതിനു ശേഷം ഒരു മാസം കഴിഞ്ഞ് ഉത്തരം അയച്ചാൽ മതി. പലരും മാസിക താമസിച്ചു കിട്ടുന്നു. അതുകൊണ്ട് ഉത്തരം കണ്ടുപിടിക്കാൻ സമയം കിട്ടുന്നില്ല എന്നു പരാതി എഴുതാറുണ്ട്. ജനുവരി ലക്കം മാസികയിലേക്കുള്ള ചോദ്യത്തിൻെറ ഉത്തരം ഫെബ്രുവരി 20-നു മുമ്പ് ലഭിക്കണം എന്ന് എഴുതിയിരുന്നു എന്നാൽ ചോദ്യം ഫെബ്രുവരി ലക്കത്തിൽ വന്നതിനാലാണ് ഈ സംശയം പലർക്കും ഉണ്ടായത്. ഉത്തരം താമസിച്ചുപോയതിൻെറ പേരിൽ ആരുടെയും ഉത്തരം തള്ളിക്കളയില്ല. പാഠം 1-ൻെറ ഉത്തരം ഈ മാസം 25-നു മുൻപും ഇനിയുള്ള പാഠങ്ങളുടെ ഉത്തരം മാസിക കിട്ടി അടുത്ത മാസം 20-നു മുൻപും കിട്ടത്തക്കവണ്ണം അയയ്ക്കുക.

ഉത്തരം കണ്ടുപിടിക്കുന്നതിനോടൊപ്പം ബൈബിളിലെ 'അയൽക്കാരെ' പരിചയപ്പെടുക വേഗത്തിൽ അവരെ കണ്ടുപിടിക്കാനുള്ള ശ്രമം തുടരുക ദിവസവും ക്രമമായും വിശുദ്ധിയോടായും വേദപുസ്തകം വായിക്കുക. ഉത്തരം അയയ്ക്കുമ്പോൾ ആവശ്യത്തിനുള്ള സ്ററാമ്പ് കവറിൽ ഒട്ടിച്ചിരിക്കണം. കൂലി എഴുത്തുകൾ കൈപ്പററുന്നതല്ല.

മാസികയിൽ, ചോദ്യത്തിൽ ഉണ്ടാകാവുന്ന അക്ഷരത്തെററുകൾ ക്ഷമിക്കുക.

നിങ്ങളുടെ ഉത്തരം ബൈബിൾ പഠനം C/o Dn. M. C. Cherian, Orthodox Student Centre, Trivandrum-1, 695001 എന്ന വിലാസത്തിൽ അയയ്ക്കുക.

## വൈദീകസെമിനാരി കോൺവോക്കേഷൻ

ഓർത്തഡോക്സ് വൈദികസെമിനാരിയുടെ ഈ വർഷത്തെ കോൺവോക്കേഷൻ 1989 ഫെബ്രുവരി 24-ാം തീയതി സിമിനാരി ഓഡിറ്റോറിയത്തിൽ പ. കാതോലിക്കാ ബാവാതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നു. സെ. തോമസ് അപ്പോസ്തോലിക് സെമിനാരി റക്ടർ ഫാ. ജോസഫ് കോയിക്കക്കൂടി ബിരുദദാന പ്രസംഗം ചെയ്തു. ബർസാർ ഡോ. ജേക്കബ് കുര്യൻ സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പൽ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ റിപ്പോർട്ട് വായിച്ച് അവതരിപ്പിച്ചു. പ. ബാവാതിരുമനസ്സിലെ അദ്ധ്യക്ഷപ്രസംഗത്തിനുശേഷമാണ് ബിരുദദാന പ്രസംഗം നടന്നത്. സെമിനാരിയിൽ നിന്ന് ബിരുദം നേടിയവർക്കുള്ള ഡിപ്ളോമകളും ദിവ്യബോധന പഠന പദ്ധതിയിൽ ബിരുദം നേടിയവർക്കുള്ള സർട്ടിഫിക്കേററുകളും പ. ബാവാതിരുമേനി വിതരണം ചെയ്തു. വൈസ് പ്രിൻസിപ്പൽ ഫാ. ററി. ജെ. ജോഷ്വാ കൃതജ്ഞത പ്രകാശിപ്പിച്ചു. ഇടയ്ക്കിടെ സെമിനാരി ഗായകസംഘത്തിന്റെ മധുര മനോഹരമായ ഗാനങ്ങളും ഉണ്ടായിരുന്നു. പ. ബാവാതിരുമനസ്സിലെ ആശീർവാദത്തോടെ പരിപാടികൾ അവസാനിച്ചു.

---

## നിങ്ങൾക്ക് അറിയാമോ?

### ഏതു ശരി.

1. യേശുവിന്റെ പിതാമഹൻ.
   മത്തായി 1:15   ലൂക്കോസ് 3:24
2. ദാവീദു ജനസംഖ്യ എടുക്കാൻ കാരണം.
   2 ശമു 24:1-2   1 ദിനവ്. 21:1-2
3. പത്രോസിന്റെ കോഴി എത്ര പ്രാവശ്യം കൂവി.
   മർക്കോ. 14:72   മത്താ. 26:74-75
   ലൂക്കോ. 22:60-61   യോഹ. 13:38, 18:27
4. ഗോല്യാത്തിനെ കൊന്നത് ആര്?
   1 ശമു. 17:23-50   2 ശമു. 21:19
5. ശൗലിനെ കൊന്നത് ആര്?
   1 ശമു. 31:4-6   2 ശമു. 1:10
6. ദൈവം മനുഷ്യനെ പരീക്ഷിക്കുമോ?
   ഉല്പത്തി 22:1   യാക്കോബ് 1:13
7. ശലോമോന് എത്ര കുതിരകൾ ഉണ്ടായിരുന്നു.
   1 രാജാ 4:26   2 ദിന. 9:25
8. ക്രൂശിലെ വാചകം ഏത്?
   മത്താ. 27:57   മർക്കോ. 15:26
   ലൂക്കോ. 23:38, യോഹ. 19:19
9. കുശവന്റെ നിലം വാങ്ങിയത് ആര്?
   അപ്പ. 1:18-19   മത്താ. 27:6-8
10. കുശവന്റെ നിലത്തെപ്പററിയുള്ള പ്രവചനം ആരുടെ?
   മത്താ. 27:9-10   സഖരിയാവ് 11:12-13

—•—

## സെൻറ് പോൾസ് മിഷൻ ട്രെയിനിംഗ് സെൻറർ, മാവേലിക്കര 6-മത്തെ ബാച്ച് പ്രവേശനം 1989 ജൂൺ

സുവിശേഷകരായി കേരളത്തിലും മററു സംസ്ഥാനങ്ങളിലും പ്രവർത്തിക്കുവാൻ താൽപര്യമുള്ളവരും ദൈവവിളിയനുസരിച്ച് ത്യാഗപൂർണ്ണമായ സേവനം ചെയ്യുവാൻ സന്നദ്ധതയുള്ളവരും ജീവിതത്തിലും പ്രവൃത്തിയിലും ക്രിസ്തുവിനെ സാക്ഷിക്കുവാൻ ഒരുക്കമുള്ളവരുമായ ഓർത്തഡോക്സ് യുവാക്കന്മാർക്ക് അപേക്ഷിക്കാവുന്നതാണ്. SSLC പാസ്സായിട്ടുള്ളവർ മുതൽ അപേക്ഷിക്കാം. ഉന്നത യോഗ്യതയുള്ളവർക്ക് പ്രത്യേക പരിഗണന ഉണ്ടായിരിക്കും.

പ്രവേശനം 1989 ജൂൺ മാസം.

അപേക്ഷകൾ 1989 മെയ് മാസം 31-നു മുമ്പ് ഓഫീസിൽ ലഭിച്ചിരിക്കണം. അപേക്ഷാഫാറം സെ. പോൾസ് മിഷൻ സെൻറർ, മാവേലിക്കര-690103 എന്ന വിലാസത്തിൽ 3 രൂപാ അയച്ചാൽ ലഭിക്കുന്നതാണ്.

''ഞാൻ ആരെ അയയ്ക്കേണ്ടു?
ആർ നമുക്കുവേണ്ടിപോകും?''

## ശാന്തിഭവൻ

റിട്ടയർ ചെയ്ത Senior citizens-ന് സമാധാനപരവും സേവനാധിഷ്ഠിതവുമായ അന്തരീക്ഷത്തിൽ ശിഷ്ടായുസ് സോല്ലാസം നയിക്കുന്നതിനു പര്യാപ്തമായവിധത്തിൽ മൈസൂർ സിററിയ്ക്കു സമീപം ബില്ലിക്കരെ എന്ന സ്ഥലത്ത് ഒരു 'ശാന്തിഭവൻ' മാർച്ചുമാസം 26-നു ഉൽഘാടനം ചെയ്തു. പണി പൂർത്തിയായ ആദ്യത്തെ കെട്ടിടത്തിന്റെ ഓരോ മുറിയ്ക്കും Rs.-30000/ ഉം ഭക്ഷണത്തിനും മററുമായി പ്രതിമാസം ഒരാൾക്ക് Rs 450/ വീതവും അടച്ച് അംഗത്വം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ പറയുന്ന വിലാസത്തിൽ എഴുതേണ്ടതാണ്.

Rev. Fr. Dr. P. C. Eapen
10, Jayalakshmipuram
Mysore-570012
Phone: 25905



## ഒന്നാംറാങ്കു നേടി



അഖില മലങ്കരാടിസ്ഥാനത്തിൽ സൺഡേസ്കൂൾ കുട്ടികൾക്കായി 1988-ൽ നടത്തിയ പത്താം ക്ളാസ്സ് പരീക്ഷയിൽ കോട്ടയം ചെറിയ പള്ളി സൺഡേസ്കൂളിലെ മനോജു വറുഗീസ് ഒന്നാം റാങ്ക് നേടി.

കോട്ടയം സി. എം. എസ്. കോളജ് പ്രൊഫസർ പുത്തൻപറമ്പിൽ പി. സി. വറുഗീസിന്റെയും റബർബോർഡു ഉദ്യോഗസ്ഥ ലീലാമ്മ വറുഗീസിന്റെയും മൂത്ത പുത്രനായ മനോജ് കോട്ടയം മരിയൻ ജൂണിയർ സ്കൂൾ 11-ാം സ്റാൻഡാർഡ് വിദ്യാർത്ഥിയാണ്.

## 24-ാം ഓർമ്മപെരുനാൾ



കാലംചെയ്ത കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് (പാമ്പാടി) തിരുമേനിയുടെ 24-ാം ഓർമ്മപെരുനാൾ തിരുമേനി കബറടക്കപ്പെട്ടിട്ടുള്ള പാമ്പാടി ദയറായിൽ ഏപ്രിൽ 4, 5 തീയതികളിൽ ഭക്തിനിർഭരമായി ആചരിച്ചു. 4-ാം തീയതി സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് പാമ്പാടി വലിയ പള്ളിയിൽനിന്ന് കബറിങ്കലേക്ക് പ്രദക്ഷിണം നടത്തപ്പെട്ടു.

5-ാം തീയതി പ. ബാവാ തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നുമ്മേൽ കുർബാനയും ധൂപപ്രാർത്ഥന, ആശീർവാദ, നേർച്ചവിളമ്പ് എന്നിവയും ഉണ്ടായിരുന്നു. വൈദികരുൾപ്പെടെ ആയിരക്കണക്കിന് ഭക്തജനങ്ങൾ പെരുനാളിൽ സംബന്ധിച്ചു.

## വൈദിക ധ്യാനയോഗം

ചെങ്ങന്നൂർ മെത്രാസനത്തിലെ വൈദികരുടെ ഏകദിനധ്യാനം മാർച്ച് 5, 6 തീയതികളിൽ ഓതറ സെ. ജോർജ് ദയറായിൽവച്ച് നടത്തി. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ ധ്യാനത്തിനു നേതൃത്വം നൽകി. ഇടവക മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയും യോഗത്തിൽ സംബന്ധിച്ചിരുന്നു.

## M G O C S M CHRISTIAN HERITAGE TOUR

With a view towards encouraging young people born and / or brought up in the 4 Diocese outside Kerala, the MGOCSM has organised a 3 day tour of some of the Orthodox Churches spiritual and educational institutions and places of worship in Kerala during the Summer vacations (Monday 29th to Wednesday 31st May 1989) This cost Rs. 150/- per head which includes food accomodation and transportation inside Kerala. Those who are interested may apply with Rs. 1 stamped Self addressed envelope to

Dn. V. I Chacko
MGOCSM Student Centre
College Road Kottayam
Pin 686001

## ഫാ. ററി. ജി. ഗീവർഗീസ്

നൂറനാട് തറയിൽ പുത്തൻവീട്ടിൽ ഫാ. ററി. ജി. ഗീവർഗീസ് 1989 മാർച്ച് 2-ാം തീയതി നിര്യാതനായി. ശവസംസ്ക്കാരം പ. കാതോലിക്കാ ബാവാതിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും മററ് തിരുമേനിമാരുടെയും അനേകം പട്ടക്കാരുടെയും സഹകരണത്തിലും പഴേനിലം സെ. തോമസ് ഓർത്തഡോക്സ് പള്ളിയോടുചേർന്ന് പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ നടത്തി. സഭാ മാനേജിംഗ് കമ്മററി മെമ്പറായും തുമ്പമൺ, കുടശ്ശനാട്, നരിയാപുരം, പന്തളം, കുരമ്പാല. ചേന്നങ്കേരി, നൂറനാട് മുതലായ പള്ളികളിൽ ബ. അച്ചൻ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

—•—

# ദിവ്യബോധനം

## റാങ്ക് വാങ്ങിയവർക്ക് 'മലങ്കരസഭ'യുടെ അനുമോദനങ്ങൾ

D. O. C. E. (Diploma in Orthodox Christian Education) ഡിപ്ളോമാ

ഒന്നാം റാങ്ക് | രണ്ടാം റാങ്ക് | മൂന്നാം റാങ്ക്





സിസ്റ്റർ മറിയം, കോട്ടയം.

അന്നമ്മ മത്തായി, ആലുവാ (സർട്ടിഫിക്കറ്റ് കോഴ്സിൽ ഒന്നാം റാങ്ക് നേരത്തേ നേടിയിട്ടുണ്ട്)

മേരി തോമസ്, എറണാകുളം.

P. O. C. E. (Proficiency in Orthodox Christian Education) സർട്ടിഫിക്കറ്റ്

ഒന്നാം റാങ്ക് | രണ്ടാം റാങ്ക്




വറുഗീസ് മത്യു, പാണ്ടങ്കേരി.

എസ്. കെ. അടൂർ (സാംകുട്ടി) മുളന്തുരുത്തി

അറിയിപ്പ്: ദിവ്യബോധനം പുതിയ ബാച്ചിലേക്കുള്ള പ്രവേശനം തുടരുന്നു.
ദിവ്യബോധനം, മാർത്തമോക്സ് സെമിനാരി, പി. ബി. 98, കോട്ടയം-1.

പിതാവേ അടിയങ്ങളിൽ
കനിയണമേ



**Anitha Mathai**
**Shahdol**

# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM–686 038


മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



**C. T. Koshy & Family**

(Excuse Delay)


Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Rev. Dr. Jacob Kurian